# ക്രൈസ്തവ
# വനിത

March - April 2019



A fundamental Christian bi-monthly publication of the women, by the women, for the women

2019
March - April

Volume XII
Issue 2

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


- സദ്വർത്തമാന ദൂതന്മാരായ കാലേബും, യോശുവയും – മേരി അഞ്ചൻ 1
- ആത്മികതയും ഭൗതികതയും - ജെസി ബെൻസെൻ 3
- ദലീലയുടെ മടിയിൽ ഉറങ്ങുന്ന ശിംശോൻ - അന്നമ്മ സി. ജോൺ 4
- ഈ കാര്യത്തിനു നീ മനസ്സുവെച്ചതെന്ത്? - എൽസി ബേബി 6
- അരാമിലെ അടിമപ്പെൺകുട്ടി - മോളിക്കുട്ടി ചാക്കോ 8
- സ്ത്രീകളുടെ ആരാധനാ സ്വാതന്ത്ര്യം - പാസ്റ്റർ എ. ജെ. ജോൺ 11
- ഭയം - ഡോ. കുഞ്ഞുമോൻ ചാക്കോ 13
- അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും - യോഹന്നാൻ എബ്രഹാം 16
- പ്രാർത്ഥനയുടെ മറുപടി - ഡോ. ചാൾസ് ജോൺ 18
- വലിയമ്മയ്ക്കും അമ്മയ്ക്കും ഉണ്ടായിരുന്ന വിശ്വാസം - ഡോ. ചാൾസ് ജോൺ 20
- മുറിവേറ്റ് വേദനിക്കുന്ന മകൾ - ഡോ. ഉമ്മൻ ഫിലിപ്പ് 23
- Quest -64 cover 3


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

Editorial Board
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
E-mail: annjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# സദ്വർത്തമാനദൂതന്മാരായ കാലേബും, യോശുവയും



**മി**സ്രയീമിൽ നിന്നും പുറപ്പെട്ട യിസ്രായേൽ മക്കൾ വാഗ്ദത്തനാടിന്റെ അതിർ വരെയും എത്തിച്ചേർന്നു. യഹോവയുടെ കല്പനപ്രകാരം രാജ്യം കൈവശമാക്കുന്ന തിനുപകരം, രാജ്യം ഒറ്റു നോക്കേണ്ടതിനായി ചിലരെ അയച്ചിട്ട്, അവരുടെ റിപ്പോർട്ട് അനുസരിച്ച് പ്രവർത്തിക്കാമെന്നു ജനം തീരുമാനിച്ചു. ഇതുവരെയും അത്ഭുതങ്ങ ളാലും, അടയാളങ്ങളാലും നയിച്ചുകൊണ്ടു വന്ന യഹോവയെ പൂർണ്ണമായി വിശ്വസി ക്കാതെ, തങ്ങൾ ഒരു പരിപാടി രൂപവത്ക്ക രിച്ചു. ഭവിഷ്യത്ഫലം എത്രയോ ദാരുണമായി പരിണമിച്ചു! അങ്ങനെ മോശെ പന്ത്രണ്ടു ഗോത്രങ്ങളിൽ നിന്നും ഓരോ പ്രഭുക്കന്മാരെ അയച്ചതിൽ യെഫുന്നയുടെ മകൻ കാലേബും, നൂന്റെ മകൻ യോശുവയും ഉൾപ്പെട്ടിരുന്നു. അവർ നാല്പതുദിവസം ചുറ്റിനടന്ന് രാജ്യത്തിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കി. നിവാസികൾ അതികായന്മാരായ മല്ലന്മാർ ആയിരുന്നു. രാജ്യമോ "പാലും തേനും ഒഴുകുന്നതു" തന്നെ. അവിടെ നിന്നും ഒരു മുന്തിരിക്കുല കാദേശ്ബർന്നയിൽ മോശെ യുടെ അടുക്കലേക്ക് വഹിച്ചുകൊണ്ടുവരാൻ രണ്ടുപുരുഷന്മാർ ആവശ്യമായിരുന്നു. എന്നാൽ പത്തുപേരാകട്ടെ "ദേശത്തു പാർ ക്കുന്ന ജനങ്ങൾ ബലവാന്മാരും പട്ടണങ്ങൾ ഏറ്റവും ഉറപ്പും വലുപ്പവും ഉള്ളവയും ആകുന്നു". ദേശത്തെ ജനങ്ങളുടെ മുമ്പിൽ തങ്ങൾ വെട്ടുക്കിളികളെപ്പോലെയാണ്. തങ്ങൾക്ക് രാജ്യം ജയിച്ചു കീഴടക്കുവാൻ സാധ്യമല്ല എന്നിങ്ങനെ ദുർവർത്തമാനത്താൽ ജനങ്ങളെ നിരാശപ്പെടുത്തി. അവർ മോശെ യ്ക്കും അഹരോനും വിരോധമായി പിറു പിറുത്തു. ഒരു തലവനെ നിയമിച്ച് മിസ്രയീ മിലേക്ക് മടങ്ങിപ്പോകുവാൻ ആലോചിച്ചു, കാലേബും യോശുവയും ആകട്ടെ, ഭൂരിപക്ഷ ത്തോട് ചേരാതെ, യഹോവയോടു പൂർണ്ണ മായി പറ്റി നിന്നു. സൈന്യങ്ങളുടെ ദൈവ മായ യഹോവ തങ്ങൾക്കു വിജയം നല്കുവാൻ പ്രാപ്തൻ. നമ്മോടുകൂടെ യഹോവ ഉള്ളതു കൊണ്ട് അവരെ ഭയപ്പെടരുത്, എന്നിങ്ങനെ ജനങ്ങളെ ധൈര്യപ്പെടുത്തുവാൻ ശ്രമിച്ചു. എന്നാൽ അവരെ കല്ലെറിയണം എന്നു ജനം പറഞ്ഞു. ജനത്തെ സമ്പൂർണ്ണമായി നശിപ്പിക്കു വാൻ തക്കവണ്ണം, യഹോവയുടെ ക്രോധം ജ്വലിച്ചു. "എന്റെ തേജസ്സും, മിസ്രയീമിലും, മരുഭൂമിയിലും വച്ച് ഞാൻ ചെയ്ത അടയാളങ്ങളും കണ്ടിട്ടുള്ള പുരുഷന്മാർ എല്ലാവരും ഇപ്പോൾ പത്തുപ്രാവശ്യം എന്നെ പരീക്ഷിക്കയും എന്റെ വാക്കു കൂട്ടാക്കാ തിരിക്കയും ചെയ്തതുകൊണ്ട് അവരുടെ പിതാക്കന്മാരോട് ഞാൻ സത്യം ചെയ്തിട്ടുള്ള ദേശം അവർ കാൺകയില്ല" (സംഖ്യ. 14:22-23) എന്ന് യഹോവ അരുളിച്ചെയ്തു. ദേശം ഒറ്റു നോക്കുവാൻ പോയതിൽ കാലേബും യോശു വയും ഒഴികെ ബാക്കി പത്തുപേരും ബാധ യാൽ ചത്തൊടുങ്ങി. ജനത്തെയോ മരുഭൂമി യിലേക്ക് മടക്കി അയച്ചു, നാല്പതു ദിവസത്തിന്റെ എണ്ണത്തിനൊപ്പം നാല്പതു വർഷക്കാലം മരുഭൂമിയിൽ അലയുമാറാക്കി. കാലേബും, യോശുവയും ഒഴികെ ഇരുപതു വയസ്സിനുമേല്പെട്ട ആരും വാഗ്ദത്തനാട്ടിൽ പ്രവേശിച്ചില്ല.

കാലേബിനെക്കുറിച്ച് യഹോവയായ ദൈവത്തിന്റെ സാക്ഷ്യം "എന്റെ ദാസനായ കാലേബോ, അവനു വേറൊരു സ്വഭാവമുള്ളതു കൊണ്ടും, എന്നെ പൂർണ്ണമായി അനുസരിച്ചതു

കൊണ്ടും, അവൻ പോയിരുന്ന ദേശത്തേക്ക് ഞാൻ അവനെ എത്തിക്കും". രാജ്യം വിഭജിച്ചപ്പോൾ, മോശെ മുഖാന്തരം യഹോവ കാലേബിനോട് വാഗ്ദത്തം ചെയ്തിരുന്ന ഹെബ്രോൻ മല കാലേബിന് ലഭിച്ചു. 85 വയസ്സായിരുന്ന കാലേബ് അനാക്യരെ നിഗ്രഹിച്ച് ഹെബ്രോൻ സ്വന്തമാക്കി.

മിസ്രയീം രാജാവായിരുന്ന ഫറവോന്റെ വളർത്തുപുത്രനായിരുന്ന മോശെ രാജകൊട്ടാരത്തിൽ വളർന്നു, മിസ്രയീമ്യരുടെ സകലജ്ഞാനവും അഭ്യസിച്ച് വാക്കിലും, പ്രവൃത്തിയിലും സമർത്ഥനായിരുന്നു. യിസ്രായേൽ ചരിത്രത്തിലെ ഏറ്റവും ശ്രേഷ്ഠനായിരുന്ന ആ നേതാവിന്റെ മരണശേഷം ആ സ്ഥാനം മിസ്രയീമിൽ അടിമയായി വളർന്നു വന്ന യോശുവയ്ക്കായിരുന്നു ദൈവം നല്കിയത്. കാലേബിനോടൊപ്പം തന്നെ യഹോവയിൽ പൂർണ്ണമായി ആശ്രയിക്കുകയും, അവൻ സകലത്തിനും മതിയായവൻ എന്ന് വിശ്വസിക്കുകയും ചെയ്ത യോശുവയും കുടുംബവും യഹോവയെത്തന്നെ വിശ്വസ്തതയോടെ സേവിച്ചു, വാഗ്ദത്തനാട് ഗോത്രം ഗോത്രമായി വിഭജിച്ചു നല്കുവാനും, ദൈവം അവനെ നിയോഗിച്ചു. യിസ്രായേലിലെ സൈന്യാധിപനായി, യുദ്ധങ്ങളെ വിജയപ്രദമായി നയിച്ചിരുന്നു. തന്റെ അന്തിമ സാക്ഷ്യം ഇപ്രകാരമായിരുന്നു, "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവ 24:15).

വിശ്വാസികളായ നാം പലപ്പോഴും ''പൂർണ്ണ ഹൃദയത്തോടെ'' യഹോവയിൽ ആശ്രയിക്കാതെ നമ്മുടെ ജ്ഞാനത്തിലും, വിവേകത്തിലും, ആശ്രയിക്കാറുണ്ടല്ലോ. അവൻ സകലത്തിനും മതിയായവൻ എന്നു വിശ്വസിച്ചാലും, മുഴുവനായി അവന്റെ പാദത്തിങ്കൽ സമർപ്പിക്കുവാൻ നാം വിമുഖരാകാറുണ്ട്. പലപ്പോഴും പ്രതിസന്ധികളാകുന്ന 'മല്ലന്മാരെ' കണ്ട് നാം ഭയപ്പെടാറുണ്ട്. എന്നാൽ ഏതൊരവസ്ഥയിലും യഹോവയിൽ പൂർണ്ണമായി ആശ്രയിക്കുന്നവർ ''കുലുങ്ങാതെ, എന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതംപോലെയാകുന്നു". അവനിൽത്തന്നെ ആശ്രയിക്കാം. അവൻ നമ്മെ ജയോത്സവമായി വഴി നടത്തും. അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

മേരി അഞ്ചൻ, തുംകൂർ
ചീഫ് എഡിറ്റർ

## അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്
## Annamma Charles John Writers Award

**ക്രൈസ്**തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാ എഴുത്തുകാർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക. ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, വനിത പ്രസാധകൻ, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരിക്കും അവാർഡു ലഭിക്കേണ്ട ലേഖനകർത്രിയെ തിരഞ്ഞെടുക്കുക.

ഒരു പ്രശംസാ പത്രവും പതിനായിരം രൂപയുമാണ് അവാർഡ്. ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖ'ങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡ് ലക്ഷ്യമാക്കുന്നത്.

**പത്രാധിപർ**

# ആത്മികതയും ഭൗതികതയും

ജെസി ബെൻസെൻ, കൊച്ചി



**ശ**മര്യസ്ത്രീ താൻ വെള്ളംകോരുന്ന കിണറിന്റെ ശ്രേഷ്ഠതയെക്കുറിച്ച് വിശദീകരിച്ചപ്പോൾ, യേശു, താൻ കൊടുക്കുന്ന വെള്ളത്തിന്റെ മഹത്ത്വത്തെക്കുറിച്ചാണ് പറഞ്ഞത്. താൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരുനാളും ദാഹിക്കയില്ല എന്നു യേശു പറഞ്ഞത് കേട്ട സ്ത്രീ : "യജമാനനേ, എനിക്കു ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടത്തോളം വരാതെയും ഇരിക്കേണ്ടതിന് ആ വെള്ളം എനിക്കു തരേണം" എന്നു പറഞ്ഞു (യോഹ. 4:15).

കാര്യകാരണസഹിതമാണ് അവൾ യേശു വാഗ്ദാനം ചെയ്ത ജീവനുള്ള വെള്ളം ചോദിച്ചത്. ആത്മീയ നന്മകൾ നിമിത്തം ഭൗമികജീവിതം സുഖപ്രദമായിരിക്കണമെന്നു വാഞ്ഛിക്കുന്ന മനുഷ്യപ്രകൃതിയുടെ നേർക്കാഴ്ചയാണ് ഇവിടെയും നാം കാണുന്നത്. ദാഹിക്കാതിരിക്കേണ്ടതിനും അതിനുള്ള ശാരീരിക അദ്ധ്വാനം ഇല്ലാതിരിക്കുന്നതിനും വേണ്ടിയാണ് അവൾ ജീവനുള്ള വെള്ളം ചോദിച്ചത്. ഭൗമികമായ ആശ്വാസത്തിനുവേണ്ടിയാണ് ആത്മികമായത് അവൾ ചോദിച്ചത്. ഭൗതികമായ എന്റെ എല്ലാ കാര്യങ്ങളും നീ നോക്കിക്കൊള്ളാമെങ്കിൽ ഞാൻ നിന്റെ പിന്നാലെ വരാം എന്നു പറയുന്നതുപോലെയാണ് അവൾ സംസാരിക്കുന്നത്. എന്നാൽ അദ്ധ്വാനിക്കാതെയും ജീവിത ആവശ്യങ്ങളെക്കുറിച്ച് ഭാരപ്പെടാതെയും സുഖമായി ജീവിക്കുവാനുള്ള ഒരു ഒറ്റമൂലിയല്ല കർത്താവു വാഗ്ദാനം ചെയ്തത്.

നീ യാക്കോബിനെക്കാൾ വലിയവനോ എന്നു അവൾ ചോദിക്കുന്നതിൽ നിന്നും അവനിലും വലിയവനായ മറ്റൊരുവനെക്കുറിച്ചും അവൾക്കു അറിവില്ലായിരുന്നു എന്നു വ്യക്തമാകുന്നു. ശാരീരികമായ ദാഹത്തെക്കുറിച്ചല്ലാതെ ആത്മാവിന്റെ ദാഹത്തെക്കുറിച്ച് അവന് ബോധ്യമുണ്ടായിരുന്നു. കിണറ്റിലെ വെള്ളത്തെക്കുറിച്ചല്ലാതെ ജീവനുള്ള വെള്ളത്തെക്കുറിച്ച് അവൾ കേട്ടിരുന്നില്ല. എന്നാൽ കിണറ്റിലെ വെള്ളത്തെക്കാൾ ജീവജലനദി തന്നെയാണ് ശ്രേഷ്ഠമെന്നു ഗ്രഹിക്കുന്നവർക്ക് മാത്രമേ, കിണറ്റിലെ വെള്ളം നല്കിയ യാക്കോബിനെക്കാൾ ജീവനുള്ള വെള്ളം നല്കുന്ന കർത്താവ് വലിയവനെന്നു ഗ്രഹിക്കുവാൻ കഴിയൂ. നാം കിണറ്റിലെ വെള്ളത്തെക്കാൾ ജീവനുള്ള വെള്ളത്തെ വിലമതിക്കുന്നുണ്ടോ? ലൗകികമായതിനെക്കാൾ ആത്മികമായതിനെ വിലയേറിയതായി എണ്ണുന്നുവോ അതോ ലൗകികസുരക്ഷയ്ക്കും സുഖത്തിനുമുള്ള ഒരു ഉപാധിമാത്രമായാണോ നാം ആത്മികതയെ കണക്കാക്കുന്നത്?

യേശു വലിയവനാണെന്നും ജീവനുള്ള വെള്ളം തരുവാൻ പ്രാപ്തനാണെന്നും തിരിച്ചറിഞ്ഞിട്ടും തങ്ങളുടെ പാരമ്പര്യശ്രേഷ്ഠതകളായിരുന്നു അവൾക്കു പറയുവാനുണ്ടായിരുന്നത്. കർത്താവ് വലിയവനാണെന്നു തിരിച്ചറിയുമ്പോൾ അവൾ തന്റെ താഴ്ചകളും കുറവുകളുമായിരുന്നു തിരിച്ചറിയേണ്ടിയിരുന്നത്. ദൈവികാനുഗ്രഹങ്ങൾ പ്രാപിക്കുന്തോറും ദാതാവിനെ മറന്ന് ദാനത്തിന്റെ ശ്രേഷ്ഠത വിവരിക്കുന്നവരായി നാം തീർന്നു പോകുന്നില്ലേ? സമ്പത്ത് സ്ഥാനമാനങ്ങൾ സുഖസൗകര്യങ്ങൾ എന്നിവ നമ്മുടെ സംസാരവിഷയവും പ്രശംസാവിഷയവും നമ്മെ സ്വാധീനിക്കുന്ന വിഷയങ്ങളും ആയിത്തീരുന്നില്ലേ.....?

*ശേഷം 12-ാം പേജിൽ കാണുക*

# ദലീലയുടെ മടിയിൽ ഉറങ്ങുന്ന ശിംശോൻ



അന്നമ്മ സി. ജോൺ

**യി**സ്രായേലിൽ രാജാവില്ലാത്ത കാലത്തായിരുന്നു ന്യായാധിപന്മാർ അവരുടെ ഇഷ്ടപ്രകാരം ഭരണം നടത്തിയിരുന്നത്. യിസ്രായേലിന്റെ ഇരുളടഞ്ഞ കാലഘട്ടമായിരുന്നു ന്യായാധിപന്മാരുടെ കാലം. ശിംശോന്റെ ജനനവും ജീവിതവും എല്ലാ ന്യായാധിപന്മാരുടെ ജീവിതത്തിൽ നിന്നും വ്യത്യസ്തമായിരുന്നു. ദൈവനിയോഗ പ്രകാരം ജനിച്ച ന്യായാധിപനായിരുന്നു ശിംശോൻ. മറ്റുള്ള ന്യായാധിപന്മാർ അവരുടെ പുരുഷപ്രായത്തിൽ ന്യായാധിപന്മാർ ആയതാണ്. എന്നാൽ ശിംശോൻ തന്റെ അമ്മയുടെ ഉദരത്തിൽവച്ചു തന്നെ ദൈവത്തിനായി വേർതിരിക്കപ്പെട്ടവനായിരുന്നു. യിസ്രായേലിന്റെ രക്ഷകനായി തന്നെ ജനിച്ചു.

ശിംശോൻ ഒരു ന്യായാധിപനായി ഒരിക്കലും പ്രവർത്തിച്ചിട്ടില്ല. തന്റെ സ്വന്തം മാർഗ്ഗത്തിൽ കൂടെ ശത്രുക്കളെ തോല്പിച്ചു. എത്ര വലിയ ശത്രുവിനേയും താൻ ഒറ്റയ്ക്കു നേരിട്ടു. യിസ്രായേലിന്റെ ശത്രുക്കളായിരുന്നു ഫെലിസ്ത്യർ. അവരിൽ നിന്നും ഒരു കന്യകയെ താൻ വിവാഹം കഴിച്ചു. മാതാപിതാക്കൾ ശക്തമായി എതിർത്തു. മനുഷ്യന്റെ ദൃഷ്ടിയിൽ താൻ ചെയ്തത് തെറ്റായി തോന്നിയെങ്കിലും ദൈവദൃഷ്ടിയിൽ അത് തെറ്റായിരുന്നില്ല. ഇവയെല്ലാം ദൈവനിയോഗ പ്രകാരം സംഭവിച്ചു. തന്റെ ജഡികസ്വഭാവം ത്യജിക്കുവാൻ തനിക്കു കഴിഞ്ഞില്ല. മാതാപിതാക്കളെ അനുസരിക്കാതെയുള്ള തന്റെ വിവാഹജീവിതം അധിക കാലം നീണ്ടു നിന്നില്ല. ഫെലിസ്ത്യർ തന്റെ ഭാര്യയോടു അപമര്യാദയായി പെരുമാറി. അതിന്റെ ഫലമായി ഫെലിസ്ത്യരുടെ കൃഷി താൻ നശിപ്പിച്ചു. ദൈവഹിതപ്രകാരമല്ലാത്ത നടപ്പു ദൈവത്തിനു ഒരിക്കലും ഇഷ്ടമില്ലാത്തതാണ്. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കി വേണം നാം നടക്കുന്നത്.

പത്രൊസ് തന്റെ നോട്ടം യേശുക്രിസ്തുവിൽ നിന്നും മാറ്റിയതിനാൽ താൻ വെള്ളത്തിൽ മുങ്ങുവാൻ അതു കാരണമായി. ശിംശോന്റെ അന്ത്യം നമുക്കും സംഭവിക്കാതിരിപ്പാൻ ശ്രമിക്കുക. കാര്യസാദ്ധ്യത്തിനു വേണ്ടി കർത്താവിനെ അനുഗമിക്കരുത്. കാര്യസാദ്ധ്യത്തിനാണെങ്കിൽ ഇപ്പോൾ കൂലിപ്പണിക്കും നല്ല ശമ്പളം ഉണ്ട്. ഏതെങ്കിലും വിധത്തിൽ എനിക്കും കിട്ടണം പണം. നാലു പേർ ജീവിക്കുന്നതുപോലെ എനിക്കും ജീവിക്കണമെന്നുള്ള ചിന്ത പാടില്ല. അയൽക്കാരനെനോക്കി ജീവിക്കരുത്. സകലരോടും സുവിശേഷം അറിയിക്കുവാനുള്ള നമ്മുടെ നിയോഗം മറക്കരുത്. അത് ഉപദേശിമാർക്കും, പട്ടക്കാർക്കും മാത്രമായിട്ടുള്ള നിയോഗമാണ് എന്ന് ധരിക്കരുത്. അവർക്ക് വേണ്ടി മാത്രമോ യേശുക്രിസ്തു മരിച്ചത്? നമുക്കെല്ലാവർക്കും വേണ്ടിയാണ്. ദൈവത്തിനുവേണ്ടി വ്രതസ്ഥനായ ആൾ ദൈവത്തിന്റെ ഹിതാനുവർത്തി ആയിരിക്കണം. ഒരുവൻ ക്രിസ്തുവിലായാൽ പുതിയസൃഷ്ടിയാണ്. പഴയതെല്ലാം ഉപേക്ഷിക്കണം. പാപികളുടെ വഴിയിൽ നില്ക്കരുത്. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ദൈവത്തിനായി നിവേദിക്കപ്പെട്ട ശിംശോൻ ഒടുവിൽ

എന്തായിത്തീർന്നുവെന്നു വേദപുസ്തകം പരിശോധിക്കുക. ദൈവം ഒരാളെ താഴ്ത്തു കയും മറ്റൊരാളെ ഉയർത്തുകയും ചെയ്യുന്നു.

ദൈവത്തിനുകൊടുക്കേണ്ട മഹത്ത്വം ദൈവത്തിന് കൊടുക്കണം. ആയിരം പേരെ കൊന്ന മഹത്ത്വം താൻതന്നെ സ്വന്തമാക്കുന്നു (ന്യായാ. 15:18). ശിംശോന്റെ വിവാഹജീവിതം ദയനീയ പരാജയമായിത്തീർന്നു. ആദ്യമായി വിവാഹം കഴിച്ച ഭാര്യ മറ്റൊരുത്തന്റെ ഭാര്യ യായിത്തീർന്നു. പിന്നെ താൻ ഗസ്സയിലുള്ള ഒരു വഴിപിഴച്ച സ്ത്രീയുമായി പരിചയപ്പെട്ടു. അവിടെവച്ചു ഫെലിസ്ത്യർ അവനെ പിടിക്കു വാൻ ശ്രമിച്ചു; നടന്നില്ല. പിന്നീടു ദലീലയെന്നു പേരുള്ള മറ്റൊരു ദുർമാർഗ്ഗിയെ പരിചയപ്പെട്ടു. അവർ ഒരുമിച്ചു പാർത്തു. അതിന്റെ അന്ത്യമോ വലിയ പരാജയമായിരുന്നു. ഒരു ഭോഷനെ പ്പോലെ ആ സ്ത്രീയുടെ മുമ്പിൽ താൻ ആയിത്തീർന്നു. അവന്റെ മഹാശക്തിയുടെ രഹസ്യം അവൾക്കു പറഞ്ഞുകൊടുത്തു.

ദൈവത്തിനുവേണ്ടി ദൈവം തിര ഞ്ഞെടുത്ത ശിംശോൻ തന്റെ നാസീർവ്രതം തെറ്റിച്ചു. യിസ്രായേൽ ജനത്തിനു ന്യായാ ധിപനായി തന്നെ വിളിച്ചു. ആത്മാവിൽ നിറച്ചു. എന്നാൽ താൻ യിസ്രായേലിനുവേണ്ടി നില നിന്നില്ല. ഇങ്ങനെയുള്ള ദലീലമാരുടെ യിടയിൽ ജീവിക്കുന്നതും ഉറങ്ങുന്നതുമായ ധാരാളം കർത്താവിന്റെ വേലക്കാരെ അറിയാം. ആയതിനാൽ നാം ചെയ്യരുതാത്തവ ചെയ്യരുത് എന്നു മറക്കാതിരിക്കുക. ഇടയ്ക്കിടെ ഓർ ക്കുക. അതാണ് ദൈവജനത്തിന്റെ ഉത്തര വാദിത്തം. കർത്താവിന്റെ വഴിയിൽ നടക്കുക. അതാണ് ഇന്ന് അത്യാവശ്യം. നമ്മുടെ മാതൃകയില്ലാത്ത ജീവിതം കർത്താവിനെ അറിയുവാൻ മറ്റുള്ളവർക്ക് ഇന്ന് വിലങ്ങു തടിയാണ്. ശിംശോൻ ദൈവത്തിനും തന്റെ ജനമായ യിസ്രായേലിനും വേണ്ടി നിന്നില്ല. അദ്ദേഹത്തിന്റെ അന്ത്യം വളരെ ദയനീയ മായിരുന്നു. നേരോടെ നടക്കുന്നവർക്ക് ഒരു നന്മയും മുടക്കുന്ന ദൈവമല്ല. തന്റെ വഴി തിക വുള്ളതാണ്. മറ്റുവഴികൾ ആ തികവുള്ള വഴി കൾ അല്ല. ദലീലയുടെ മടിയിൽ ഉറങ്ങുവാനല്ല ദൈവം ശിംശോനെ തിരഞ്ഞെടുത്തത്. ആയതുകൊണ്ട് താൻ പോകരുതാത്ത വഴി യിൽ കൂടെ പോയതിനാൽ ദൈവം അദ്ദേഹത്തെ ശിക്ഷിച്ചു. നില്ക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിക്കുക. വിശ്വാസി കൾ ദൈവത്തിന്റെ വഴിയിൽ നടന്നില്ലെങ്കിൽ ദൈവം തരുന്ന ശിക്ഷ വളരെ ദയനീയമാ ണെന്ന് ശിംശോന്റെ ജീവിതത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

ഇത് ചിന്തിക്കാതെ ക്രിസ്തീയ ജീവിതം തുടങ്ങിയിരിക്കുന്ന വിശ്വാസികൾ എന്നു പറയുന്നവർ ചിന്തിക്കണം. അവർ പുല്ലു പോലെ ഉണങ്ങിപ്പോകും. കർത്താവിന്റെ ഹിതം ചെയ്ത് അവന്റെ വേല തികയ്ക്കുക. ലക്ഷ്യം മാറ്റരുത്. ലക്ഷ്യത്തിൽത്തന്നെ നില്ക്കുക. ശിംശോൻ എന്തുകൊണ്ടാണ് ഫെലിസ്ത്യ രുടെ കൈകളിൽ ആയത്? തന്റെ വഴിവിട്ട ജീവിതം തന്നെ അതിലേക്ക് നയിച്ചു, വഴിവിട്ട് ജീവിക്കരുത്. ദലീലയുടെ മടിയിലെ ഉറക്കം താൻ നിർത്തിയിരുന്നെങ്കിൽ ഇപ്രകാരമുള്ള ദയനീയ അവസ്ഥയിൽ താൻ ആകുകയില്ലാ യിരുന്നു. ഒടുവിൽ രണ്ടു കണ്ണും നഷ്ടപ്പെട്ടു കാരാഗൃഹത്തിൽ മാവു പൊടിക്കുന്ന ആളായി ത്തീർന്നതു ഓർക്കുക. ദൈവം തന്നെ യിസ്രാ യേലിനു ന്യായാധിപനായി ജനിപ്പിച്ചു. നടപ്പു നന്നാക്കിയില്ല. നമ്മുടെ നടപ്പു സൂക്ഷിക്കുക. പണമല്ല വലിയകാര്യം. ലോകത്തിന്റെ മുമ്പി ലാണ് പണം. എന്നാൽ ജീവിക്കുവാൻ പണം വേണം. ദൈവത്തിൽ ആശ്രയിക്കുക. തക്ക സമയത്തു പണം തരുന്ന ഒരു നല്ല കർത്താവു സ്വർഗ്ഗത്തിൽ പിതാവിന്റെ വലഭാഗെ നമുക്കായി ജീവിക്കുന്നു. നമുക്കുവേണ്ടി നമ്മുടെ സകലത്തിനുമായി പക്ഷവാദം കഴി ക്കുന്നു. പുത്രന്റെ നാമത്തിൽ എന്തുചോദി ച്ചാലും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസി ക്കുക. പിതാവ് അധികാരങ്ങൾ എല്ലാം പുത്രന് കൊടുത്തിരിക്കുന്നു. പിതാവും പുത്രനും ഒന്നുതന്നെയാണ്. പുത്രനോടു ചോദിച്ചു വാങ്ങുക. അതിനായി ദൈവം സഹായിക്കട്ടെ.

❑

# ഈ കാര്യത്തിനു നീ മനസ്സു വെച്ചതെന്ത് ?

എൽസി ബേബി, ന്യൂ യോർക്ക്



"മനസ്സു വയ്ക്കുക" എന്നതാണല്ലോ നാം ഓരോരുത്തരും ചെയ്യുന്ന തീരുമാനങ്ങൾക്കും പ്രവൃത്തികൾക്കും പിമ്പിലുള്ളത്. അനന്യാസും സഫീരയും മനസ്സുകൊണ്ടു ചിന്തിച്ചു പ്രവർത്തിച്ചത് പരിശുദ്ധാത്മാവിനോടും, ദൈവത്തോടും വ്യാജം കാണിക്കുന്നതാണെന്ന് ഒരു പക്ഷെ അവർ ചിന്തിച്ചു കാണുകയില്ല. സാത്താൻ അവരുടെ മനസ്സു കുരുടാക്കിക്കളഞ്ഞത് അവർ അറിഞ്ഞുകാണുകയില്ല. നാം മനസ്സുകൊണ്ടു ചിന്തിക്കുന്നതും. ഹൃദയത്തിൽ കരുതുന്നതും വികടമാക്കുവാൻ ശക്തിയുള്ളവനാകുന്നു പിശാച്! "സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതെന്ത്?'' എന്ന് പത്രൊസ് അനന്യാസിനോടും സഫീരയോടും ചോദിച്ചപ്പോഴായിരിക്കാം അവർക്കു പറ്റിയ അബദ്ധം മനസ്സിലായത്. നമ്മുടെ മനസ്സിൽ തോന്നുന്ന ചിന്തകളും ഹൃദയത്തിലുരുവാകുന്ന വിചാരങ്ങളും തൂക്കിനോക്കുന്ന കർത്താവിന്റെ സന്നിധിയിൽ വച്ചു പ്രാർത്ഥിച്ചു ദൈവഹിതം അറിഞ്ഞുവേണം പ്രവർത്തിക്കുവാൻ (അപ്പൊ. 5:1-11).

പ്രിയമുള്ളവരേ, സാത്താന്റെ തന്ത്രങ്ങളെ നാം ശരിക്കും മനസ്സിലാക്കിയില്ലെങ്കിൽ നമ്മുടെ മനസ്സും വിചാരങ്ങളും ഹൃദയവാഞ്ഛകളും മറ്റും വികടമാക്കി പരിശുദ്ധാത്മാവിനും ദൈവത്തിനും നേരെ വ്യാജം കാണിച്ച് ദൈവകോപത്തിനു ഇരയാകും എന്ന് നാം മനസ്സിലാക്കിയിരിക്കണം. അതുകൊണ്ടാണല്ലോ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം നാം എപ്പോഴും ധരിക്കണമെന്ന് ദൈവാത്മാവു നമ്മോടു കല്പിച്ചിരിക്കുന്നത് (എഫെ. 6:10-18). ആദ്യം ധരിക്കേണ്ടത് 'സത്യം' അരയ്ക്കു കെട്ടി 'നീതി' എന്ന 'കവചം' ആകുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി ദൈവത്തിൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിതീർന്നു. യേശുക്രിസ്തു പറഞ്ഞത് ''ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" എന്നാണല്ലോ. ക്രിസ്തുവിനെ നാം ധരിക്കുമ്പോൾ ദൈവത്തിന്റെ എല്ലാ സർവ്വായുധവർഗ്ഗവും നമ്മിൽ ശക്തിയും, ബലവും, ഉറപ്പും നല്കുന്നു എന്നോർക്കുക. സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം ചെരിപ്പായും, വിശ്വാസം എന്ന പരിച കൈയിലും വേണം. 'രക്ഷ' എന്ന ശിരസ്ത്രം തലയിലുണ്ടായാൽ മാത്രമേ നമ്മുടെ ബുദ്ധിയും മനസ്സും ദൈവഹിതപ്രകാരം പ്രവർത്തിക്കയുള്ളൂ. തിരുവചനമാകുന്ന ആത്മാവിന്റെ വാൾ കൈയിലേന്തി ഇടവിടാതെ പ്രാർത്ഥിക്കുന്ന അനുഭവം നമുക്കില്ലെങ്കിൽ സാത്താൻ നമ്മെ തന്റെ കെണിയിലാക്കും. സംശയമില്ല. പിശാചു നമ്മുടെ കർത്താവിനെ പരീക്ഷിച്ചപ്പോൾ തിരുവചനവുമായിട്ടായിരുന്നു സമീപിച്ചത്. എന്നാൽ കർത്താവ് സാത്താനെ തോല്പിച്ചത് "It is written" എന്ന് എഴുതിയിരിക്കുന്നുവെന്ന് പറഞ്ഞ് വചനമാകുന്ന വാൾകൊണ്ടു അവനെ തോല്പിച്ചത് നമുക്കു ദൃഷ്ടാന്തത്തിനായി രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ ഓരോ സർവ്വായുധവർഗ്ഗവും നാം ശ്രദ്ധിച്ചു പഠിച്ചാൽ അതു നമ്മുടെ കർത്താവായ യേശുക്രിസ്തുവാകുന്നു എന്നു

മനസ്സിലാക്കാം. ചുരുക്കിപ്പറഞ്ഞാൽ നാം ക്രിസ്തുവിനെ എപ്പോഴും ധരിച്ചുവേണം ജീവിക്കുവാൻ. നാം ക്രിസ്തുവിനോടുകൂടെ മരിച്ചു, അടക്കം ചെയ്യപ്പെട്ടു, ഉയിർത്തെഴുന്നേറ്റ് ജീവന്റെ പുതുക്കത്തിൽ നടക്കുന്നവരാകുന്നു. “ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും” (കൊലൊ. 3:1-4). ഈ സ്വർഗ്ഗീയ സത്യം ഗ്രഹിപ്പാൻ പ്രയാസമാണെങ്കിലും, പരിശുദ്ധാത്മാവിന്റെ സഹായത്താൽ നമുക്കതു മനസ്സിലാക്കാം. തുടർന്നുള്ള വേദഭാഗങ്ങൾ നാം ദിനംതോറും പാലിക്കേണ്ട നിയമങ്ങളാകുന്നു. കാരണം നാം ക്രിസ്തുവിലായി പുതിയ സൃഷ്ടിയായി, പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിച്ചിരിക്കയാണല്ലോ. “ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു” (ഗലാ 2:20) എന്ന അനുഭവമുള്ളവരാകുന്നു എന്നോർക്കുക.

പ്രിയമുള്ളവരേ, തിരുവചനം വായിച്ചു, പഠിച്ചു, ഹൃദയത്തിൽ സംഗ്രഹിച്ചു രാപകൽ ധ്യാനിക്കുന്ന അനുഭവം നിങ്ങൾക്കുണ്ടോ? എന്നും വേദപുസ്തകം വായിച്ചു പ്രാർത്ഥിക്കുന്നത് ഒരു ആചാരം മാത്രമാകുന്നുവോ? തിരുവചനം'' ഐശ്വര്യമായി സകലജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും, അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ” (കൊലൊ. 3:16,17) എന്നത് വിശ്വാസികളായ നമുക്കോരോരുത്തർക്കുമുള്ള ദൈവകല്പനയാകുന്നു. ഇന്നു നമ്മുടെ മുമ്പാകെ സാത്താൻ വലവിരിച്ച് കെണിയൊരുക്കി വച്ചിരിക്കുന്ന ലൗകിക ഭൗതിക നന്മകളും, ഹൃദയങ്ങളെ കവരുന്ന കാമവിലാസങ്ങളും, നാനാമോഹങ്ങളും ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷംധരിച്ച്, അതിന്റെ ശക്തി ത്യജിക്കുന്ന അനേക കപടഭക്തിക്കാരെയും ദുരുപദേഷ്ടാക്കന്മാരെയും കൊണ്ട് നമുക്ക് ചുറ്റും വേലികെട്ടിക്കൊണ്ടിരിക്കയാകുന്നു എന്നോർക്കുക. ഇന്ന് ലോകം നമ്മിലും നമ്മുടെ ഭവനങ്ങളിലും, സഭകളിലും, എല്ലാ ആത്മിക പ്രവർത്തനങ്ങളിലും കയറിക്കൂടിയിരിക്കയാകുന്നു. ആദിമനൂറ്റാണ്ടിൽ അനന്യാസിനെയും സഫീരയെയും നിന്നനില്പിൽ കൊന്നുകളഞ്ഞ ദൈവം നമ്മെ ഒന്നു നോക്കിയാൽ നമ്മിൽ പലരും അതുപോലെ ആകുമായിരുന്നു. എന്നാൽ കൃപയാലേ, ദൈവകൃപയാലേ അങ്ങനെയൊന്നും സംഭവിക്കാത്തതു ഭാഗ്യമായി കരുതേണ്ടാ. ദൈവം ദഹിപ്പിക്കുന്ന അഗ്നിതന്നെയാകുന്നു. തന്റെ വാളിനു മൂർച്ച കൂട്ടിക്കൊണ്ടിരിക്കയാകുന്നു. ദൈവത്തിന്റെ ദീർഘക്ഷമയെ പരീക്ഷിക്കരുത്. നമ്മുടെ തെറ്റുകുറ്റങ്ങളെ തിരുത്തി ദൈവസന്നിധിയിൽ നിരപ്പു പ്രാപിപ്പാനായി നമുക്ക് ആയുസ്സിൽ ഓരോ ദിവസവും നീട്ടിതന്നിരിക്കയാണെന്നോർക്കുക. കർത്തൃപാദങ്ങളിലിരുന്ന്, തിരുവചനത്തിൻ മുമ്പാകെ നമ്മുടെ ഹൃദയങ്ങളെ ശോധനചെയ്തു അനുതപിച്ച്, പശ്ചാത്തപിച്ച്, പാപങ്ങളെ ഏറ്റുപറഞ്ഞു ശുദ്ധീകരണം പ്രാപിച്ച് നമ്മുടെ കർത്താവിനെ എതിരേല്പാൻ ഈ ലേഖന പഠനം നമ്മെ സഹായിക്കട്ടെ! ❑

# അരാമിലെ അടിമപ്പെൺകുട്ടി

**(2 രാജാക്കന്മാർ 5:1-19)**

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



പഴയനിയമത്തിലെ അതിവിശിഷ്ട മായ സംഭവങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് നയ മാന്റെ കഥ. അരാം രാജാവായ ബെൻഹദദിന്റെ സേനാനായകൻ നയമാൻ പരാക്രമശാലിയാ യിരുന്നു. എന്നാൽ കുഷ്ഠരോഗിയായിരുന്നു. യിസ്രായേലിനെ യുദ്ധത്തിൽ തോല്പിച്ചു കവർച്ച ചെയ്ത കൂട്ടത്തിൽ പിടിച്ചു കൊണ്ടു വന്ന ഒരു ചെറിയ പെൺകുട്ടിയാണ് ഈ ബാലിക. ഈ പെൺകുട്ടിയുടെ പേര് തിരുവചനത്തിൽ കാണുന്നില്ല. സ്വദേശത്തുനിന്നും മാതാപിതാ ക്കളിൽ നിന്നും പിടിച്ചെടുത്ത് ശത്രുരാജ്യത്ത് കൊണ്ടുവരപ്പെട്ട ഈ ബാലിക എന്തുമാത്രം ദുഃഖവും വേദനയും, ഭയവും അനുഭവിച്ചു കാണും. എന്നാൽ അവൾക്ക് വചനത്തിൽ പ്രധാനമായ സ്ഥാനം തന്നെയാണ് ഉള്ളത്. മാതാപിതാക്കളിൽ നിന്നും പ്രിയപ്പെട്ടവരിൽ നിന്നുമെല്ലാം വേർപെട്ട് ശത്രുക്കളുടെ കൈയിൽ അകപ്പെട്ട അവൾക്കു ആരും തന്നെ ആശ്രയം ഉണ്ടായിരുന്നില്ല. ആ ദിനങ്ങളിൽ കണ്ണുനീരിലും മനോദുഃഖത്തിലും ദിനരാത്ര ങ്ങൾ കഴിച്ചുകൂട്ടിയിരിക്കും. എന്നാൽ അവൾക്കു യിസ്രായേലിന്റെ ദൈവത്തെ വിശ്വ സിക്കുവാനും, സ്നേഹിക്കുവാനും, ആരാധി ക്കുവാനും ഉള്ള പരിശീലനം മാതാപിതാക്ക ളിൽ നിന്നും ചെറുപ്പത്തിലെ ലഭിച്ചിരുന്നു എന്നു വിശ്വസിക്കാം. യഹോവയിലും അവന്റെ പ്രവാചകന്മാരിലും അവൾക്കു ആഴമായ വിശ്വാസം ഉണ്ടായിരുന്നു.

നയമാന്റെ ഭവനത്തിലെത്തിയ എബ്രായ പെൺകുട്ടി ആ വീട്ടിലെ യജമാന ത്തിയുടെ ദാസിയായിത്തീർന്നു. ആ സ്ത്രീയുടെ പേര് ദൈവവചനത്തിൽ വെളി പ്പെടുത്തിയിട്ടില്ല. യജമാനത്തിയുടെ സ്നേഹ പരമായ ഇടപെടലിലും സംസാരത്തിലുമെല്ലാം ഈ കുട്ടിക്ക് തെല്ലൊരു ആശ്വാസമായിരുന്നു. പെൺകുട്ടിയുടെ സംസാരത്തിലും ജീവിത ത്തിലും, ഇടപാടുകളിലും വിശ്വസ്തതയുള്ള വളാണെന്നും, ഏകാന്തതയിൽ ആ കുട്ടി ഏക സത്യദൈവത്തെ ആരാധിക്കയും, പ്രാർത്ഥിക്കു കയും ചെയ്യുന്നത് യജമാനത്തി കണ്ടു മനസ്സി ലാക്കിയിരിക്കണം. അതുകൊണ്ടായിരിക്കാം തന്റെ ഭർത്താവ് സമൂഹത്തിൽ മാന്യനാണെ ങ്കിലും ഭീകരമായ കുഷ്ഠരോഗത്തിന് അടിമ യാണെന്ന് പെൺകുട്ടിയോട് പറഞ്ഞത്. അങ്ങനെ അന്യോന്യം സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്തിരുന്ന യജമാന ത്തിയുടെ വാക്കുകൾ കേട്ട് പെൺകുട്ടിയും വള രെയധികം ദുഃഖിച്ചുകാണും. എന്നാൽ യിസ്രാ യേലിന്റെ ദൈവമായ യഹോവയാൽ സക ലവും സാദ്ധ്യമാണെന്ന് ആ കുരുന്ന് മനസ്സ് വിശ്വസിച്ചിരുന്നു.

ഒരു ദിവസം ആ പെൺകുട്ടി യജമാന ത്തിയുടെ അടുത്തു ചെന്നു പറഞ്ഞു. യജമാ നൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നിരുന്നുവെങ്കിൽ അവൻ കുഷ്ഠ രോഗം മാറ്റികൊടുക്കുമായിരുന്നു. അവളുടെ ആ വാക്കുകൾ എത്രയോ ആഴമേറിയതായി രുന്നു. തീർച്ചയായും സൗഖ്യമാക്കുവാൻ കഴിയും എന്ന് പൂർണ്ണമായി ആ പെൺകുട്ടി വിശ്വസിച്ചിരുന്നു. യിസ്രായേൽ രാജ്യത്തു

വെച്ച് ഏലീശാ പ്രവാചകൻ ശൂനേംകാരത്തിയുടെ മകനെ ഉയിർപ്പിച്ചതും. പരിഹാസികളായ 42 ബാലന്മാരെ 2 പെൺകരടികൾ കീറികളഞ്ഞതും പ്രവാചകശിഷ്യന്റെ വിധവയായ ഭാര്യയ്ക്കു എണ്ണ വർദ്ധിപ്പിച്ചു കൊടുത്ത് കടം വീട്ടിയതും, പായസക്കലത്തിലെ വിഷം നിർവീര്യമാക്കി മരണത്തിൽ നിന്നും തന്റെ ശിഷ്യന്മാരെ രക്ഷിച്ചതും ഇങ്ങനെ പല അത്ഭുതങ്ങളും പ്രവാചകൻ ചെയ്തത് അവൾ ഓർത്തു കാണും. അതുകൊണ്ട് അവളുടെ യജമാനൻ പോയാൽ സൗഖ്യം ലഭിക്കുമെന്നു അവൾക്ക് ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. ഈ വിവരം നയമാന്റെ ഭാര്യ തന്റെ ഭർത്താവിനോടു പറഞ്ഞു. അന്യദേശത്ത് അടിമയായി കൊണ്ടുപോയിരുന്ന ആ അനാഥ പെൺകുട്ടി യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ഉത്തമസാക്ഷിയായി അന്യദേശത്തും സാക്ഷ്യം വഹിക്കുന്നു.

എന്നാൽ യഹോവയെയും പ്രവാചകനെയും അറിഞ്ഞിട്ടില്ലാത്ത യിസ്രായേൽ രാജാവിന് അരാം രാജാവ് തന്റെ പദവിക്കൊത്ത വണ്ണം ഒരെഴുത്തും നയമാന്റെ വശം കൊടുത്തയച്ചു. ഇതു കണ്ടു യിസ്രായേൽ രാജാവ് പരിഭ്രമിച്ചു തന്നോടു യുദ്ധത്തിനു വഴിയൊരുക്കുകയായിരിക്കും എന്ന്. എന്നാൽ എലീശാ പ്രവാചകൻ നയമാനെ തന്റെ അടുക്കൽ അയക്കുവാൻ ആവശ്യപ്പെട്ടു. യിസ്രായേലിൽ ഒരു പ്രവാചകൻ ഉണ്ട് എന്ന് രാജാവിനും അറിയുവാൻ ഇടയായി. എലീശാ പ്രവാചകന്റെ കല്പന നയമാൻ അനുസരിച്ചു യോർദ്ദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങിപൊങ്ങിയപ്പോൾ നയമാൻ സൗഖ്യം പ്രാപിച്ചു. ഇവിടെ നയമാന്റെ വലിയ ഒരു സാക്ഷ്യം യിസ്രായേലിൽ അല്ലാതെ ഭൂമിയിലെങ്ങും ഒരു ദൈവം ഇല്ല എന്നു ഞാൻ ഇപ്പോൾ അറിയുന്നു (2 രാജാ 5:15). അങ്ങനെ വിഗ്രഹാരാധകനായിരുന്ന നയമാൻ സ്വയം യഹോവയ്ക്കു സമർപ്പിച്ചു. അടിയൻ ഇനിയും യഹോവയ്ക്കല്ലാതെ അന്യദൈവങ്ങൾക്കു ഹോമയാഗവും, ഹനനയാഗവും കഴിക്കയില്ലായെന്നു പ്രതിജ്ഞയും ചെയ്തു. നയമാൻ മാത്രമല്ല അവന്റെ കൂടെ വന്ന പരിവാരം എല്ലാം യിസ്രായേലിന്റെ ദൈവത്തിൽ വിശ്വസിക്കുവാൻ ഇടയായി. ഒരു അടിമ പെൺകുട്ടിയുടെ വലിയസാക്ഷ്യം - പ്രിയരേ! ആ അനാഥപെൺകുട്ടി യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ഉത്തമസാക്ഷിയായിരുന്നു. അവളുടെ ദൈവത്തെയും പ്രവാചകനെയും ശത്രുരാജ്യത്ത് ചെന്നപ്പോൾ ഉയർത്തികാണിക്കുന്നു. യഹോവയെയും പ്രവാചകനെയും അറിഞ്ഞിട്ടില്ലാത്ത അരാം രാജാവ് ഈ പെൺകുട്ടി മുഖാന്തരം അറിയുവാൻ ഇടയായി. യിസ്രായേലിൽ ഒരു പ്രവാചകൻ ഉണ്ടെന്ന് സൗഖ്യം പ്രാപിച്ച നയമാൻ നല്ല സാക്ഷ്യം പറഞ്ഞു. പെൺകുട്ടിയുടെ വലിയസാക്ഷ്യം മുഖാന്തരം നയമാനും കുടുംബവും രക്ഷിക്കപ്പെട്ടു. അവളെ അരാമിലേക്കു അടിമയായി പിടിച്ചു കൊണ്ടുപോയത് നയമാന്റെ രക്ഷയ്ക്ക് വേണ്ടി ദൈവം ഒരുക്കിയതാണ്.

ദാനിയേലും കൂട്ടുകാരും ബാബേൽ രാജ്യത്ത് യഹോവയുടെ സാക്ഷ്യം വഹിച്ചതുപോലെ ശത്രുരാജ്യത്ത് ഈ പെൺകുട്ടിക്കും അതിന് ഇടയായി. അതുപോലെ ശമര്യസ്ത്രീയുടെ രഹസ്യങ്ങൾ യേശു കർത്താവ് വെളിപ്പെടുത്തിയപ്പോൾ അവൾക്കു മനസ്സിലായി ഇവൻ സാക്ഷാൽ പ്രവാചകൻ എന്നും മശീഹ എന്നും ഞാൻ ചെയ്തത് ഒക്കെയും അവൻ എന്നോട് പറഞ്ഞു എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ ശമര്യരും അവനിൽ വിശ്വസിച്ചു (യോഹ. 4:39). ശമര്യസ്ത്രീയുടെ സാക്ഷ്യം നിമിത്തം ശമര്യ പട്ടണം മുഴുവനും രക്ഷിക്കപ്പെട്ടു. സഹോദരിമാരേ! നമ്മൾ ലോകപ്രകാരം എത്ര നിസ്സാരരായാലും സാമർത്ഥ്യം ഇല്ലാത്തവരാണെങ്കിലും നമ്മുടെ രക്ഷകനെ മറ്റുള്ളവർക്കു

ഉയർത്തി കാട്ടുവാനും നമ്മുടെ രക്ഷകനെ സാക്ഷിക്കുവാനും നമുക്കു സാധിക്കണം. ദിനം തോറും നമ്മെ കാണുന്നവർക്കും നമ്മോടിട പെടുന്നവർക്കും ഇവർ യേശുവിനോടു കൂടെ ആയിരുന്നവർ എന്നുള്ള സാക്ഷ്യം നമ്മെക്കുറിച്ച് പറയുവാൻ ഇടയാകട്ടെ (അപ്പൊ. പ്രവൃത്തി 4:13). നമ്മുടെ ഭവനങ്ങളിലും ജോലി സ്ഥലത്തും കർത്താവിന്റെ സാക്ഷികളായി ജീവിക്കാം. സത്യത്തിനും വിശ്വാസത്തിനും വേണ്ടി നിലനിന്ന് കർത്താവിനു പ്രസാദമായ ക്രിസ്തീയജീവിതം നയിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ബാബേലിലേക്കു പ്രവാസികളായി പിടിച്ചുകൊണ്ടുപോയ എസ്ഥേർ അവിടെ ചെന്നു നാളുകൾ കഴിഞ്ഞപ്പോൾ ആ രാജ്യത്തെ രാജാവിന്റെ രാജ്ഞിയായിത്തീരുവാനും യഹൂദന്മാരെ കൊന്നു മുടിക്കുവാനുള്ള കല്പന രാജ്യത്തുടനീളം പുറപ്പെടുവിച്ചപ്പോൾ എസ്ഥേർരാജ്ഞി ബുദ്ധിപൂർവ്വം പ്രവർത്തിച്ചപ്പോൾ യഹൂദന്മാർക്കു വിടുതൽ ഉണ്ടാകുവാനും ഇടയായി. ജാതിയായിരുന്ന രാജാവിന്റെ രാജ്ഞിയായിത്തീരുവാൻ എസ്ഥേറിനു ദൈവം കൃപ ചെയ്തു. അരാം രാജ്യത്തേക്കു പിടിച്ചുകൊണ്ടുപോയ പെൺകുട്ടി മുഖാന്തരം നയമാൻ സത്യദൈവത്തെക്കുറിച്ചും, സൗഖ്യം ലഭിച്ചതുകൊണ്ടും വലിയ ഒരു സാക്ഷ്യം പറയുവാൻ ഇടയായി. അതുപോലെ യിസ്രായേലിൽ ഒരു പ്രവാചകനുണ്ടെന്നും അവരുടെ ദൈവം സത്യദൈവമാണെന്നും അരാം രാജാവിനു മനസ്സിലായി. യിസ്രായേൽ രാജാവ് അതുവരെയും അറിഞ്ഞിട്ടില്ലാത്ത ഒരു പ്രവാചകൻ ഉണ്ടെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു (2 രാജാ 5:8). ഈ അനാഥപെൺകുട്ടി മുഖാന്തരം ഇവർക്ക് മൂന്നു പേർക്കും യിസ്രായേലിലെ പ്രവാചകനെക്കുറിച്ചും, ദൈവത്തെക്കുറിച്ചും അറിയുവാൻ ഇടയായി. മൂന്നുപേരുടെയും സാക്ഷ്യങ്ങളും. അതുപോലെ രക്ഷിക്കപ്പെട്ടവരായ നാം നമ്മുടെ നാട്ടിൽ ഭവനത്തിൽ വസിക്കുമ്പോൾ മറ്റുള്ളവരോട് യേശുകർത്താവിനെക്കുറിച്ച് പറയണം. അവർ നമ്മെ മനസ്സിലാക്കണം. നമ്മൾ മുഖാന്തരം അവരും സാക്ഷ്യമുള്ളവരായിത്തീരുവാൻ ഇടയാകണം. ഈ ലോകത്തിൽ സത്യദൈവത്തെ അറിയാത്ത ഒരു ജനം ജീവിക്കുന്നുണ്ട്. നാം ദൈവത്തിന്റെ പത്രങ്ങൾ; നാം ഓരോരുത്തരും ദൈവത്തെ സാക്ഷിക്കുന്ന ചൂണ്ടുപലകകൾ ആയിരിക്കണം. പൗലൊസ് അപ്പൊസ്തലൻ കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം 1-ാം അദ്ധ്യായം 26, 27 വാക്യങ്ങളിൽ ഇപ്രകാരം വായിക്കുന്നു. സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ; ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല; കുലീനന്മാരും ഏറെയില്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു. ദൈവത്തെ അറിയുവാൻ ദൈവസന്നിധിയിലേക്കു ചെല്ലുവാൻ വിദ്യാഭ്യാസമോ, പണമോ, പ്രതാപമോ, ഒന്നുംവേണ്ട. കൃപയാലുള്ള വിശ്വാസം മാത്രം മതിയാകും. ❑

**ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്ത്വപ്പെടുത്തുകയത്രേ വേണ്ടതു.**
**1 പത്രൊ. 4:16**

# സ്ത്രീകളുടെ ആരാധനാസ്വാതന്ത്ര്യം: ക്രൈസ്തവ വീക്ഷണം

പാസ്റ്റർ എ. ജെ. ജോൺ, കൊഴുവല്ലൂർ



**ക്രൈ**സ്തവസഭയിൽ സ്ത്രീകൾക്ക് സ്വാതന്ത്ര്യമില്ല എന്ന പ്രചാരണം അടിസ്ഥാനരഹിതമാണ്. "സൃഷ്ടിച്ചനാളിൽ ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു" ദൈവത്തിന്റെ സൃഷ്ടികളിൽ ഏറ്റവും ഉന്നത സ്ഥാനം അലങ്കരിക്കുന്ന സ്ത്രീക്കും പുരുഷനും ആരാധനാസ്വാതന്ത്ര്യവും തുല്യമാണ്. യഹൂദനെന്നോ, യവനനെന്നോ, അടിമയെന്നോ, ഉടമയെന്നോ, സ്ത്രീയെന്നോ, പുരുഷനെന്നോ ഭേദമില്ലാതെ ക്രിസ്തുവിൽ എല്ലാവരും ഒന്നാകുന്നു എന്ന ബൈബിൾ ദർശനം ലോകോത്തരമാണ്. ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം സ്ത്രീക്കും പുരുഷനും തുല്യമാണ് ക്രൈസ്തവസഭയിൽ. പഴയനിയമകാലത്തു പുരോഹിതശുശ്രൂഷ ലേവി ഗോത്രത്തിലെ പുരോഹിതന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ സഭയിൽ രക്ഷിക്കപ്പെട്ട വിശ്വാസികളെല്ലാം രാജകീയപുരോഹിതപദവിയിലേക്ക് ഉയർത്തപ്പെട്ടവരാണ്. എപ്പിസ്കോപ്പൽ സഭകൾ ഇത് അംഗീകരിക്കുന്നില്ലെങ്കിലും പുതിയനിയമസഭയുടെ ഉപദേശങ്ങളിൽ പൗരോഹിത്യം എല്ലാവിശ്വാസികൾക്കും എന്ന പ്രഖ്യാപനമുണ്ട്. എങ്കിലും ക്രിസ്തു- പുരുഷൻ -സ്ത്രീ എന്ന ദൈവിക ക്രമത്തിൽ ആരാധന നടത്തുന്ന അദ്ധ്യക്ഷൻ ഏകഭാര്യയുടെ ഭർത്താവായിരിക്കണം എന്ന നിഷ്കർഷ ഉള്ളതുകൊണ്ട് സ്ത്രീകൾക്ക് സഭാശുശ്രൂഷകരാകാൻ തിരുവചനം അനുവദിക്കുന്നില്ല. അതുകൊണ്ട് അതൊരിക്കലും സ്ത്രീയുടെ ആരാധനാസ്വാതന്ത്ര്യത്തിന് വിലക്കാകുന്നില്ല.

ക്രൈസ്തവസഭയുടെ ആരാധനാസമ്പ്രദായങ്ങൾ വ്യത്യസ്തമാണെങ്കിലും (പ്രാദേശികമായി) പുതിയനിയമകാലത്തെ ആരാധനയെക്കുറിച്ച് ശമര്യസ്ത്രീയോട് യേശു വ്യക്തമാക്കുന്നത് പഴയനിയമകാലത്തെപ്പോലെ പുതിയ നിയമകാലത്തെ ആരാധന ആലയകേന്ദ്രീകൃതമോ പൗരോഹിത്യ മദ്ധ്യസ്ഥതയിലോ ഉള്ളതല്ല. ശമര്യരുടെ മലയിലെ ആരാധനയേയും യഹൂദന്മാരുടെ യെരുശലേം ദൈവാലയത്തിലെ ആരാധനയേയും നിരാകരിച്ചുകൊണ്ട് യേശു വിളംബരം ചെയ്യുന്നതു ആരാധനാ സ്വാതന്ത്ര്യമാണ്. ആത്മാവിലും സത്യത്തിലുമുള്ള ആരാധന. യേശുക്രിസ്തു എന്ന ഏകമദ്ധ്യസ്ഥന്റെ മുമ്പിൽ ലേവ്യപൗരോഹിത്യ മദ്ധ്യസ്ഥത അപ്രസക്തവും കാലഹരണപ്പെട്ടതുമായി. സെഖര്യാപുരോഹിതന്റെ മകനായ യോഹന്നാൻ പുരോഹിതവസ്ത്രം അണിയാതെ തെരുവു പ്രസംഗിയായി രംഗത്തു വന്നതുതന്നെ ലേവ്യാപൗരോഹിത്യത്തിന്റെ അന്ത്യം കുറിക്കലായിരുന്നു. പുതിയൊരു മഹാപുരോഹിതനു വഴിയൊരുക്കുവാൻ ദൈവാലയം വിട്ടിറങ്ങിയ യോഹന്നാന്റെ കൈക്കീഴിൽ സ്നാനം സ്വീകരിച്ച് യേശു: വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുവാൻ ശിഷ്യർക്ക് കല്പനയും കൊടുത്തു. അപ്രകാരം ശിഷ്യന്മാർ സ്നാനപ്പെടുത്തിയവരുടെ കൂട്ടം യെരുശലേം പള്ളിയുടെ പടിയിറങ്ങി വീടുകളിൽ ആരാധന തുടങ്ങിയപ്പോൾ അവിടെ പ്രാകാരം, വിശുദ്ധസ്ഥലം എന്നീ വേർതിരിവുകൾ അസാധ്യമായിരുന്നു. വേർപാടിന്റെ നടുച്ചുവര് ഇടിച്ചു കളഞ്ഞുവെന്നു ആലങ്കാരികമായും; ദൈവാലയത്തിലെ തിരശ്ശീലയുടെ ചീന്തൽ അക്ഷരാർത്ഥത്തിലും പുതിയനിയമ ആരാധനാ സ്വാതന്ത്ര്യത്തിന്റെ സാർവ്വത്രിക വിളംബരമായി. പുതിയനിയമ കാലഘട്ട

ത്തിലെ അഥവാ അപ്പൊസ്തലിക കാലഘട്ട ത്തിലെ ആരാധനകൾ വീടുകളിൽ ആയിരുന്നതും കുടുംബങ്ങളെ പേരെടുത്തു പറഞ്ഞിട്ടുള്ളതും അതിൽ സ്ത്രീകളുടെ പങ്കാളിത്തവും സഹവർത്തിത്വവും പ്രസക്തമാണ്. അപ്പൊസ്തലന്മാരുടെ സഹായികളായ സ്ത്രീശുശ്രൂഷക്കാരെക്കുറിച്ച് പരാമർശങ്ങളുള്ളതും ക്രൈസ്തവസഭയിലെ സ്ത്രീസ്വാതന്ത്ര്യത്തിന്റെ തെളിവുകളാണ്. എന്നാൽ ആരാധനയുടെ അഥവാ ശുശ്രൂഷയുടെ ക്രമീകരണത്തിനായി മൂപ്പന്മാരെയും ഇടയന്മാരെയും നിയമിച്ചപ്പോൾ സ്ത്രീകളെ നിയമിച്ചിട്ടില്ല എന്നതു ദൈവികമായ ക്രമീകരണമാണ്. അതുകൊണ്ട് അതു സ്ത്രീയുടെ ആരാധനാ സ്വാതന്ത്ര്യം വിലക്കലല്ല എന്നു തിരിച്ചറിയേണ്ടതാണ്.

ഭാരതീയ വേദശാസ്ത്രങ്ങളിൽ സ്ത്രീക്ക് സ്വാതന്ത്ര്യം അനുവദിച്ചിട്ടില്ല. ബാല്യത്തിൽ പിതാവിന്റെയും യൗവ്വനത്തിൽ ഭർത്താവിന്റെയും വാർദ്ധക്യത്തിൽ പുത്രന്റെയും സംരക്ഷണയിൽ സ്ത്രീ കഴിയണം എന്ന മനുസ്മൃതിയുടെ വീക്ഷണത്തിൽ തെറ്റുപറയാനില്ല. എന്നാൽ ഇപ്രകാരം സ്ത്രീ ഒരിക്കലും സ്വാതന്ത്ര്യം അർഹിക്കുന്നില്ല എന്ന് പ്രഖ്യാപനത്തിലാണ് പ്രശ്നം. ശൂദ്രനും സ്ത്രീക്കും ഒരുപോലെ വിദ്യാഭ്യാസം നിഷേധിച്ചുകൊണ്ടാണ് ബ്രാഹ്മണാധിപത്യം സ്ഥാപിച്ചെടുത്തത്. ബ്രാഹ്മണ ഇല്ലങ്ങളുടെ അകത്തളങ്ങളിൽ എത്രയോ "ഭ്രാന്തിച്ചെറിയമ്മമാരെ" സൃഷ്ടിച്ചതു അവരുടെ നിരക്ഷരതയായിരുന്നു. ബ്രാഹ്മണിക്കൽ ക്ഷേത്രപൂജാദി കർമ്മങ്ങളിലൊന്നും സ്ത്രീക്ക് ഒരു പങ്കാളിത്തവുമില്ല.

2018-ന്റെ അന്ത്യപാദത്തിൽ കേരളീയ സമൂഹത്തിൽ തീവ്രമായി ചർച്ച ചെയ്യപ്പെട്ട വിഷയമാണ് സ്ത്രീകളുടെ ആരാധനാ സ്വാതന്ത്ര്യവും ലിംഗസമത്വവും. ലിംഗസമത്വവും ആരാധനാ സ്വാതന്ത്ര്യവും ഭരണഘടന നല്കുന്നുണ്ട് എങ്കിലും ആചാര സംരക്ഷണത്തിന്റെ പേരിൽ വിവാദം നിലനില്ക്കുന്നു. നിയമവാഴ്ചയും ആചാരസംരക്ഷണവും ആപൽക്കരമാംവിധം തെരുവിൽ ഏറ്റുമുട്ടുന്നതു കണ്ട് സാംസ്കാരിക കേരളം അമ്പരന്നു. സ്ത്രീകൾക്ക് ആരാധനാ വിലക്കില്ലെന്നും ശുദ്ധാശുദ്ധിയുടെ പേരിലുള്ള നിയന്ത്രണം മാത്രമാണെന്നും ഒരു വിഭാഗം വാദിക്കുമ്പോഴും സ്ത്രീ ഒരിക്കലും സ്വാതന്ത്ര്യം അർഹിക്കുന്നില്ല എന്ന മനുസ്മൃതിയുടെ കല്പന നിലവിലുണ്ട്.

ശമര്യസ്ത്രീയോട് യേശു പറഞ്ഞതും; ദാഹിക്കുന്നവനെല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ എന്നു യേശു പറഞ്ഞതും ലോകം ശ്രദ്ധിക്കട്ടെ. ആത്മാവിന്റെ ദാഹം ശമിപ്പിക്കുവാൻ ആഗ്രഹിക്കുന്ന സ്ത്രീയും പുരുഷനും യേശുവിന്റെ അടുക്കൽ വരട്ടെ. സ്വതന്ത്രമായി ആരാധിക്കട്ടെ ഒരു വിലക്കുമില്ലാതെ. ❑

---


*3-ാം പേജ് തുടർച്ച... (**ആത്മികതയും ഭൗതികതയും**)*

കർത്താവിനെ രക്ഷകനായി സ്വീകരിച്ചിട്ട് അവന്റെ ശ്രേഷ്ഠതയും മഹത്ത്വവും ഗ്രഹിച്ചിട്ടും ഇപ്പോഴും ലൗകിക സുഖത്തിനും സുരക്ഷിതത്ത്വത്തിനും വേണ്ടി മാത്രം ആത്മിക കാര്യങ്ങളിൽ വ്യാപൃതരാകുന്ന നാം ഒന്നും അറിവില്ലാത്ത ശമര്യസ്ത്രീ ചോദിച്ചതുപോലെയല്ലേ കർത്താവിനോടു ചോദിക്കുന്നത്? ബിലെയാമിന്റെ കഴുത ചോദിച്ചതുപോലെ "ഞാൻ നിന്റെ കഴുതയല്ലയോ? ഇക്കാലമൊക്കെയും നീ എന്റെ പുറത്തല്ലയോ കയറി നടന്നത്....?" എന്നിങ്ങനെ, തന്നെ അടിച്ചതിനെ ചോദ്യം ചെയ്യുന്ന കഴുതയെപ്പോലെ, സകല ലൗകിക പ്രതിസന്ധികൾക്കും നാം കർത്താവിനെ ചോദ്യം ചെയ്യുകയല്ലേ....?

നമുക്കു നല്കപ്പെട്ട ജീവനുള്ള വെള്ളത്തിന്റെയും നിത്യരക്ഷയുടെയും വിലയറിയാത്തതുകൊണ്ടാണ് അല്ലെങ്കിൽ ലൗകികതയ്ക്കുവേണ്ടിയാണ് ആത്മികതയെന്നു തെറ്റിദ്ധരിച്ചിരിക്കുന്നതുകൊണ്ടാണ് നാം ദൈവസന്നിധിയിൽ പിറുപിറുക്കുന്നത്. ആകയാൽ നിത്യതയെക്കുറിച്ച് നമുക്കു ദർശനമുള്ളവരാകാം. ഉയരത്തിലുള്ളത് ചിന്തിക്കാം. ദാനത്തെക്കാൾ ദാതാവിനെ സ്നേഹിക്കാം. നിലനില്ക്കുന്നതിനെ മാത്രം വാഞ്ഛിക്കാം. ദൈവം കൃപ നല്കട്ടെ ❑

# ഭയം

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



ഭയം ഒരു മാനസികാവസ്ഥയാണ്. ഉദാഹരണത്തിന് സ്നേഹത്തിൽ നിന്നും ബഹുമാനത്തിൽ നിന്നും കൃതജ്ഞതയിൽ നിന്നും ഭയം ഉണ്ടാകുന്നു. ദൈവത്തോടും മാതാപിതാക്കളോടും ഗുരുക്കന്മാരോടുമുള്ള ഭയം അതാണ്. കളവു ചെയ്തവൻ പോലീസിനെയും കോടതിയേയും ശിക്ഷയേയും ഭയക്കുന്നു. അതു മറ്റൊരു ഭയം. മാരകമായ ഒരു രോഗം പിടിപെട്ടു ഒരുതരത്തിലും രക്ഷപ്പെടുവാനുള്ള സാധ്യതയില്ലെന്നു ഡോക്ടർമാർ പറഞ്ഞു. അപ്പോഴും ഭയക്കുന്നു. അതു മരണഭയം. നാം പകർച്ചവ്യാധികളെ ഭയക്കുന്നു. യുദ്ധങ്ങളെ ഭയക്കുന്നു, വിഷജന്തുക്കളെ ഭയക്കുന്നു, ക്രൂരമൃഗങ്ങളെ ഭയക്കുന്നു. എന്തിന് കൊതുകിനെ വരെ ഭയക്കുന്നു!

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "കുടുംബവിശേഷങ്ങൾ" എന്ന പുസ്തകത്തിൽ നിന്നും**

ബൈബിളിൽ ഇങ്ങനെ വായിക്കുന്നു. "ദൈവം അതാതുതരം കാട്ടുമൃഗങ്ങളെയും അതാതുതരം ഭൂചരജന്തുക്കളെയും ഉണ്ടാക്കി നല്ലത് എന്ന് ദൈവം കണ്ടു. ഇങ്ങനെ എല്ലാറ്റിനേയും അടക്കി വാഴാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവകല്പനയെ അനുസരിക്കാതെ വന്നപ്പോൾ ഏദെൻ തോട്ടത്തിൽ നിന്നും പുറത്തു പോകേണ്ടിവന്നു. എന്നാൽ പിന്നീട് ദൈവം അവരെ അന്വേഷിച്ചു ചെന്ന് "നീ എവിടെ എന്നു ചോദിച്ചപ്പോൾ "തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ട് ഞാൻ നഗ്നനാകകൊണ്ട് ഭയപ്പെട്ട് ഒളിച്ചു" എന്നായിരുന്നു മറുപടി.

ദൈവകല്പന ലംഘിച്ചതോടെ ഭയം ഉണ്ടായി. ഭയപ്പെട്ടാൽ ഒളിക്കണമല്ലോ. ഭയത്തോടുള്ള പ്രതികരണവും അങ്ങനെ ആരംഭിച്ചു. അന്നു മുതൽ ഇന്നുവരെ നിരവധി കാര്യങ്ങൾ ഭയത്തിനു കാരണമാകുന്നു. ഭയം മനുഷ്യനെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്നു. നമ്മുടെ സുരക്ഷിതത്ത്വത്തിനുള്ള ഭീഷണികൾ നമ്മെ ഭയപ്പെടുത്തുന്നു. ഭീകരപ്രവർത്തനങ്ങളും എപ്പോഴും എവിടേയും പൊട്ടിത്തെറിച്ചേക്കാവുന്ന സ്ഫോടകവസ്തുക്കളും നമ്മെ ഭയപ്പെടുത്തുന്നു. മായത്തിന്റെ അതിപ്രസരം മൂലം പലതും ഭക്ഷിക്കുവാൻ നമ്മൾ ഭയക്കുന്നു.

ഇന്നത്തെ സാമ്പത്തിക അസ്ഥിരതയെ നാം ഭയക്കുന്നു, അവശ്യവസ്തുക്കളുടെ വിലക്കയറ്റത്തേയും നമ്മുടെ അടുത്ത നേരത്തെ ഭക്ഷണത്തിനും പോലും ഉറപ്പുതരാനാവാത്ത ഈ വ്യവസ്ഥിതിയേയും നമ്മൾ ഭയക്കുന്നു.

An average American is six weeks away from bankruptcy എന്ന് പ്രസിഡന്റ് റൊണാൾഡ് റീഗൻ ഒരിക്കൽ പറഞ്ഞു. ഇന്ത്യയിലെ ഭൂരിപക്ഷംപോലും അന്നന്നത്തെ അപ്പം അദ്ധ്വാനിച്ച് ഉണ്ടാക്കുന്നവരാണ്. അതുകൊണ്ടുതന്നെ നമ്മുടെ സ്ഥിതി അതിലും പരിതാപകരവുമാണ്. ഭാവിയെ കുറിച്ചുള്ള അനിശ്ചിതത്വം ഭയം ഉളവാക്കുന്നു. എന്തിനു പഠിക്കണം എന്നു വിദ്യാർത്ഥികൾ ചിന്തിച്ചു തുടങ്ങുന്നു. പഠിക്കുവാൻ ഡൊണേഷൻ, ജോലികിട്ടണമെങ്കിൽ കൈക്കൂലി, കഴിവിനല്ല ഇവിടെ അംഗീകാരം, സാമ്പത്തികശേഷിക്കാണ്. കുട്ടികൾ ഭയക്കുന്നത് വെറുതെയല്ല.

കാലതാമസം നമ്മെ ഭയപ്പെടുത്തുന്ന മറ്റൊരു കാര്യമാണ്. ഉദ്യോഗതലത്തിലെ അഴിമതിക്കുരുക്കിൽ വീഴുന്നവർ ധാരാളം. മെറിറ്റിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ സമയത്തു സാധിച്ചുകിട്ടുന്ന ഓഫീസുകൾ വിരളം. ആവശ്യങ്ങൾ നടക്കാതെ വരുമ്പോൾ അനുഭവിക്കേ

ണ്ടിവരുന്ന സംഘർഷവും പിന്നീടതു സാധി ച്ചെടുക്കുവാൻ വേണ്ടിവരുന്ന അധികചെലവും നമ്മെ ഭയപ്പെടുത്തുന്നു.

പലരംഗങ്ങളിലും വ്യക്തമായ നിയമ ങ്ങളോ അതു പാലിക്കപ്പെടണമെന്നു നിർബ ന്ധമുള്ള ഉദ്യോഗസ്ഥന്മാരോ ഇല്ലാതെ വരു മ്പോൾ നമ്മുടെ സുരക്ഷിത ബോധം തന്നെ നഷ്ടപ്പെടുന്നു. സുരക്ഷിതത്ത്വമില്ലായ്മയിൽ നിന്നും അതുമൂലമുണ്ടാകുന്ന അസന്നിഗ്ദ്ധത യിൽ നിന്നും ഭയം ഉണ്ടാകുന്നു.

ഭയം നിങ്ങളുടെ കഴിവുകളെ നിഷ്പ്ര ഭമാക്കുന്നു. നിങ്ങളിലുള്ള സാദ്ധ്യതകളെ മര വിപ്പിക്കുന്നു. നിങ്ങളെ അസ്വസ്ഥനാക്കുന്നു. ഉറക്കം കെടുത്തുന്നു. കർമ്മശേഷി നഷ്ടപ്പെട്ട ജീവനുള്ള ഒരു ശരീരം മാത്രമായി നിങ്ങൾ മാറുന്നു. എന്നാൽ ഭയം വെടിഞ്ഞ് സമാധാന ത്തോടെ കുടുംബജീവിതം നയിക്കുവാൻ നിങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെ ങ്കിൽ അത് സാധ്യമാണ്.

മനുഷ്യൻ നോവുകിട്ടിയ സ്ത്രീയേ പ്പോലെ നില്ക്കുന്ന ചിത്രമാണ് നാം ഇന്നു ചുറ്റും കാണുന്നത്. ഓരോരുത്തരുടേയും മുഖം ശ്രദ്ധിക്കുക. ദൈവം സൗജന്യമായി നല്കിയ ആ പുഞ്ചിരി ഒരിടത്തും കാണാനില്ല. കൂടെ യാത്ര ചെയ്യുന്നവന്റെ കൈയിൽ ബോംബാണോ തോക്കാണോ മയക്കുമരുന്നാണോ എന്നു നാം അറിയുന്നില്ലല്ലോ. പിന്നെങ്ങനെ മനസ്സുതുറ ന്നൊന്നു ചിരിക്കാനാവും?

ഒരിക്കൽ സിംഗപ്പൂരിൽ നിന്നും എയർപോർട്ടിലേക്ക് ടാക്സിയിൽ വരുമ്പോൾ അവിടുത്തെ ജോലിയെക്കുറിച്ചും ജീവി തത്തെക്കുറിച്ചും ഞാൻ ഡ്രൈവറോടു ചോദിച്ചു. “എല്ലാം ഗംഭീരം പക്ഷേ ഒരു മനുഷ്യൻ ചിരി ക്കുന്നത് കാണുവാൻ വിഷമമാണ്’ എന്നാ യിരുന്നു മറുപടി.

ഭാവിയെക്കുറിച്ചുള്ള ആശങ്കയും അജ്ഞതയുമാണ് ഭയത്തിന്റെ മൂലകാരണം. ഞാൻ അനേകരാജ്യങ്ങളിലെ ജയിലുകൾ സന്ദർശിച്ചിട്ടുണ്ട്. ഭയം നിറഞ്ഞു നില്ക്കുന്ന സെല്ലുകളാണ് അവയെല്ലാം. എന്തുശിക്ഷ യാണു കിട്ടുക. ശിക്ഷിക്കപ്പെട്ടാൽ ഭാര്യയും മക്കളും എങ്ങനെ ജീവിക്കും. ജയിലിൽ നിന്നും പുറത്തു വന്നാൽത്തന്നെ ഇനിയാരെങ്കിലും വിശ്വസിക്കുമോ? ഒരു ജോലി ലഭിക്കുമോ? ഒരു സാധാരണ തടവുകാരനെ ഭയപ്പെടുത്തുവാൻ ഈ ചിന്തകൾ ധാരാളം.

ഇവിടെ ഞാനൊരു സത്യം പറയട്ടെ. ഭയപ്പെടേണ്ട എന്നു പറയുവാൻ ദൈവത്തിന് മാത്രമേ കഴിയുകയുള്ളൂ. ഭയത്തിനു പരിഹാരം നല്കുവാനും ദൈവത്തിനേ കഴിയുകയുള്ളൂ; ദൈവത്തിനുമാത്രം. ‘ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്” എന്നാണ് ദൈവവാ ഗ്ദാനം. അതേ അർത്ഥം വരുന്ന ‘ഇമ്മാനു വേൽ’ എന്ന പേരിൽ യേശുക്രിസ്തു അറിയ പ്പെടുന്നത് അതുകൊണ്ടാണ്.

ഓഹരിവിപണി ഇടിയുമ്പോഴെല്ലാം ഭയപ്പെടേണ്ട കാര്യങ്ങൾ നിയന്ത്രണത്തിൽ തന്നെയാണ് എന്ന് ധനമന്ത്രിമാർ പറയാറുണ്ട്. പക്ഷേ സൂചിക 22,000 ൽ നിന്ന് ഏഴായിരത്തി ലേക്ക് തകർന്നു വീണതു തടയാൻ ആർക്കും കഴിഞ്ഞില്ല.

എന്നാൽ ഭയപ്പെടേണ്ട എന്നു പറഞ്ഞ ദൈവം ഒഴിഞ്ഞു മാറുകയില്ല പിന്നെയോ നമ്മുടെ കൂടെത്തന്നെയുണ്ടാകുമെന്നാണ് അവി ടുത്തെ വാഗ്ദാനം. അപ്പോഴും ദൈവത്തോടു ചേർന്ന് ദൈവ ഇഷ്ടപ്രകാരം ജീവിക്കാൻ മനു ഷ്യന് കഴിയുന്നില്ല. അതിനവന് ആഗ്രഹവുമില്ല. സ്വന്തം ഇഷ്ടങ്ങൾ, രഹസ്യമോഹങ്ങൾ, സ്വാർത്ഥത ഇവയൊക്കെക്കൊണ്ട് നാം ദൈവ ത്തിൽ നിന്ന് അകന്നു കഴിയുന്നു. അപ്പോൾ പിന്നെ ഭയത്തിൽ നിന്ന് എങ്ങനെ മോചനം പ്രാപിക്കാനാകും?

ജയിലുകൾ സന്ദർശിക്കുമ്പോൾ വധ ശിക്ഷയ്ക്കു (Capital Punishment) വിധിക്കപ്പെട്ട പലരേയും ഞാൻ കണ്ടിട്ടുണ്ട്, അവരോടു സംസാരിച്ചിട്ടുമുണ്ട്. അമേരിക്കയിലെ നോർത്തു കരോളിനയിലെ റാലി മാക്സിമം സെക്യൂരിറ്റി പ്രിസണിൽ ഒരിക്കൽ ഒരു സെമി നാർ നടത്തുവാൻ പോയിരുന്നു. Seminar for men on the death row. അവിടെ അധികം പേരിലും വലിയ ഭയവും ഭീതിയും ഉണ്ടായിരുന്നു. അത് അവരുടെ മുഖത്തു പ്രക

ടവുമായിരുന്നു. മരണാനന്തരം എന്ത് എന്നുള്ളതിനെക്കുറിച്ചുള്ള അജ്ഞതയാണ് ഈ ഭയത്തിനുള്ള പ്രധാനകാരണമായി ഞാൻ കണ്ടത്.

ശവക്കുഴിക്ക് അപ്പുറത്തേക്ക് എന്താണ്, എന്തുണ്ട്, മരണാനന്തരം എങ്ങോട്ടാണ് പോകുന്നത് എന്നീ ചോദ്യങ്ങൾക്ക് ഉത്തരം തേടിയാണ് നാം മരണാനന്തര കർമ്മങ്ങൾ നടത്തുന്നത്. എന്നാൽ മതം ഇവിടെ നമ്മെ സഹായിക്കുന്നില്ല. മതം ദൈവത്തെ തേടിയുള്ള മനുഷ്യന്റെ പ്രയാണമാണ്. ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ അറിവാണ് എന്നാൽ മനുഷ്യനെ തേടിയുള്ള ദൈവത്തിന്റെ യാത്രയാണ് ക്രിസ്തുമാർഗം, ക്രിസ്തുമതത്തെക്കുറിച്ചല്ല ഞാൻ പറയുന്നത്.

ബെത്ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്നവൻ മനുഷ്യനെ തേടിവന്നു. കാൽവറി കുരിശിൽ മരിച്ചു. മൂന്നാം ദിവസം പുനരുത്ഥാനം ചെയ്തു. ഈ പാപപരിഹാരബലിയെ ദൈവം പാപിക്കുള്ള മുക്തിമാർഗമായി അംഗീകരിച്ചു.

പാപം നിമിത്തം ഉണ്ടായ ഭയത്തിനു പരിഹാരം ഉണ്ടാകണമെങ്കിൽ പാപത്തിനു പരിഹാരം ഉണ്ടാകണം. ഈശ്വര സന്നിധിയിൽ സ്വയം സമർപ്പിക്കുമ്പോൾ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടുന്നു. അപ്പോൾ ഭയവും സ്വയം ഇല്ലാതാകുന്നു.

ഇനി ഭയം കുഞ്ഞുങ്ങളിൽ എത്ര വലിയ ആഘാതം സൃഷ്ടിക്കുന്നു എന്നറിയണമെങ്കിൽ ഞങ്ങളുടെ ചിൽഡ്രൻസ് വില്ലേജിൽ വന്ന് ആ കുട്ടികളുമായി സംസാരിക്കുക. അവരുടെ കഥകൾ കേൾക്കുക. ദൈവത്തിൽ നിന്നകന്ന് പാപത്തിനും പിശാചിനും അടിമകളായി ജീവിതം തകർത്തുകളഞ്ഞവരുടെ നിരപരാധികളായ മക്കളാണവർ.

ഭയത്തെ പരാജയപ്പെടുത്തുവാൻ ആന്തരികമായ ശക്തി ആവശ്യമാണ്. ആ ശക്തി നിങ്ങൾക്കാർജ്ജിക്കാൻ കഴിയുന്നതും ദൈവത്തിൽ നിന്നുതന്നെ. അതുകൊണ്ട് നിങ്ങൾ ഭയത്തിനടിമയായാണ് ജീവിക്കുന്നതെങ്കിൽ ജീവിതത്തിന്റെ ഭാരം ദൈവത്തിലർപ്പിക്കുക.

സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിക്കാൻ അവസരമുള്ളപ്പോൾ പിന്നെ എന്തിന് വിഷമിക്കണം? പാപവും പാപം തന്ന ഭയവുമായി ദൈവസന്നിധിയിൽ അഭയം പ്രാപിക്കുക. എല്ലാഭയങ്ങളേയും അലിയിച്ചു കളയുന്ന ദൈവസമാധാനം നിങ്ങൾക്ക് ലഭിക്കും, അതിരുകളില്ലാത്ത സന്തോഷവും ലഭിക്കും.

Fear knocked at the door
Faith went and opened the gate
And there was none found

ഇനി എന്തിന് ഭയക്കണം? ദൈവം നിങ്ങളുടെ ഒപ്പമുണ്ടല്ലോ...

❑

## Quest 63 ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
2. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
3. ഏലിയാമ്മ പി.ജി. ഓമല്ലൂർ, പത്തനംതിട്ട
4. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
5. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
6. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
7. ഗ്രേസിക്കുട്ടി തോമസ്സ്, ഓമല്ലൂർ, പത്തനംതിട്ട
8. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
9. മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ, തൃശ്ശൂർ
10. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
11. ബ്ലസി കെ. ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
12. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
13. ബിന്ദു സി. എസ്., വഞ്ചിയൂർ, തിരുവനന്തപുരം
14. വത്സമ്മ സാം, മരുതൂർ, തിരുവനന്തപുരം
15. ബീനാ സുരേഷ്, പുറവൂർകോണം, കരകുളം

Quest 63 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. മുഴുവൻ ശരി ഉത്തരങ്ങൾ അയച്ച ഏവർക്കും ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ – ക്വിസ് മാസ്റ്റർ

# അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം



**യേ**ശുക്രിസ്തുവിനെ സ്വന്തം രക്ഷകനായി വിശ്വസിച്ച് ദൈവമക്കളാകുന്നത് എത്രയോ ധന്യമാണ്. ദൈവമക്കൾ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും ആകുന്നു. മാത്രമല്ല ദൈവത്തിന്റെ അവകാശികളുമാണ് (റോമ 8:17).

സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു. എഫെ. 1:3-6 യിസ്രായേൽ ജാതിയോട് ബന്ധമില്ലാത്ത പുറജാതികളായ നമുക്ക് ക്രിസ്തുയേശുവിൽ അവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തിൻ പങ്കാളികളും ആകുക എന്നത് തന്നെ എത്ര ശ്രേഷ്ഠമാണ്. ഈ ശാശ്വത നന്മകൾ ലഭിച്ചവരായ നാം യിസ്രായേലിനുള്ള വാഗ്ദത്തനിയമത്തിന് അന്യരും പരദേശികളും ആയിരുന്നവരാണ്. അവർക്ക് ഒരിക്കലും പ്രതീക്ഷിക്കാൻ കഴിയാതിരുന്ന അവകാശങ്ങളും അനുഗ്രഹങ്ങളും ദൈവം തന്റെ കൃപാമഹത്ത്വത്തിന്റെ പുകഴ്ചയ്ക്കായി ദാനമായും സൗജന്യവുമായും നല്കിയിരിക്കുന്നതാണ്. ഈ അവകാശങ്ങൾക്ക് യഥാർത്ഥ അവകാശികൾ യിസ്രായേൽ മക്കളാണ്. അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യഹൂദജനതയ്ക്കാണ്. ദൈവത്തിന്റെ സകല സമ്പൂർണ്ണതയ്ക്കും അവകാശി ക്രിസ്തുവാണ്. ക്രിസ്തുവിനെ സ്വന്തം രക്ഷകനും കർത്താവുമായി സ്വീകരിച്ച ദൈവമക്കൾ കൂട്ടവകാശികളുമാണ്.

രക്ഷിക്കപ്പെടുന്നതിന് മുമ്പിലത്തെ അവസ്ഥ അതിക്രമത്തിലും പാപത്തിലും മരിച്ചവരാണ്, ഈ ലോകത്തിന്റെ കാലഗതിക്കനുസരിച്ച് നടന്നവരാണ്. എന്നാൽ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹത്താൽ ക്രിസ്തുയേശുവിൽ ഉയിർപ്പിച്ച് അവനോടുകൂടെ അവകാശികളും കൂട്ടവകാശികളും ആക്കി. അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൻ പങ്കാളികളും ആകേണം എന്നുള്ളതുതന്നേ. ഈ അവകാശം എങ്ങനെയുള്ളതാണ്. വാഗ്ദത്തം ചെയ്ത അവകാശം (എബ്രാ. 6:17). ക്രിസ്തുവിന്നുള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്നുള്ളവരും വാഗ്ദത്തപ്രകാരം അവകാശികളുമാണ് (ഗലാ. 3:20). അങ്ങനെ നിങ്ങൾ ഇനി ദാസന്മാരല്ല പുത്രന്മാർ അത്രേ. പുത്രന്മാർ എങ്കിലോ ദൈവഹിതപ്രകാരം അവകാശികളുമാണ് (ഗലാ 4:7) ജീവന്റെ അവകാശികളല്ല. പ്രത്യുത നിത്യജീവന്റെ അവകാശികളാണ്. മരണത്തിന് നമ്മെ അടക്കി വെയ്ക്കാൻ കഴിയില്ല. വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശമാണ് (കൊലൊ 1:12). വിശ്വാസത്താലുള്ള നീതികരണമെന്ന അവകാശം (എബ്രാ 11:7).

**രാജ്യത്തിന്റെ അവകാശം.** ദൈവം ലോകത്തിൽ ദരിദ്രന്മാരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിന് തിരഞ്ഞെടുത്തില്ലയോ? ആയിരം ആണ്ടു വാഴ്ചയിൽ നീതിയുള്ള ഭരണനിർവ്വഹണത്തിന് തിരഞ്ഞെടുത്തത് ദൈവസ്നേഹത്തിന് പാത്രീഭൂതരായ വിശ്വാസികളെയാണ്. പാലും തേനും ഒഴുകുന്ന കനാൻ ദേശം യിസ്രായേലിന് അവകാശദേശമായി നല്കിയിരിക്കുന്നത് നമ്മുടെ കൺമുമ്പിൽ കാണുന്ന കാഴ്ചയാണ് (യാക്കോബ് 2:5).

**സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന അവകാശം**

അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന അവകാശത്തിന്റെ വൈശിഷ്ട്യം ക്ഷയം, വാട്ടം, മാലി

ന്യമില്ലാത്ത അവകാശമാണ്. ഇവിടെയുള്ള പിതാക്കന്മാർ മക്കൾക്ക് നല്കുന്ന അവകാശം തുരുമ്പെടുക്കുന്നതും ക്ഷയിച്ചുപോകുന്നതുമാണ്. എന്നാൽ സ്വർഗ്ഗീയ പിതാവിന്റെ അവകാശം ശാശ്വതമാണ് അതാണ് നമ്മുടെ പ്രത്യാശ. സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ ഒരു അവകാശവും നഷ്ടപ്പെടുന്നതല്ല (1പത്രൊ. 1:4-5).

കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കായി പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകുന്ന രക്ഷിതാവായ കർത്താവ് നമ്മുടെ വീണ്ടെടുപ്പിന്റെ സമ്പൂർണ്ണതയ്ക്കായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഇതാ ഞാൻ വേഗം വരുന്നു എന്നു പറഞ്ഞ കർത്താവ് വിശ്വസ്തനും മാറ്റമില്ലാത്തവനുമാണ്. നമ്മുടെ ഇത്ര വലിയ രക്ഷയുടെ സാധ്യതകൾ കണ്ണ് കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നിട്ടുള്ളതുമല്ല. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നും കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ (ക്രിസ്തു) സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലി 3:20,21).

ആത്മാവ് എന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാം നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്ത്വത്തിന് ആശയോടെ കാത്തിരിക്കുന്നു റോമ. 8:23-24. അതിക്രമത്തിലും പാപത്തിലും മരിച്ചവരായ നാം ക്രിസ്തുവിലുള്ള വിശ്വാസത്താൽ ക്രിസ്തുവിനോടുകൂടി ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ സ്വർഗ്ഗത്തിലുള്ളത് ചിന്തിപ്പിൻ അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും ( കൊലൊ. 3:1-6).

ഇത്ര വലിയ രക്ഷയ്ക്ക് പാത്രീഭൂതരാകുവാൻ എന്തു ചെയ്യണം. ഒന്നും ചെയ്യണ്ട. രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം എന്ന് കാരാഗൃഹപ്രമാണി ചോദിച്ചപ്പോൾ അപ്പൊസ്തലൻ പറഞ്ഞത് എന്തെങ്കിലും ചെയ്യുവാനാണോ? അല്ല, കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക. എന്നാൽ നീ രക്ഷിക്കപ്പെടും എന്നുമാത്രമാണ്. ഭക്തനായാലും പ്രാർത്ഥന ചെയ്താലും നിത്യവും വേദങ്ങൾ എത്ര പഠിച്ചീടിലും വീണ്ടും ജനിക്കേണം. ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ പുതുജനനം പ്രാപിക്കുന്നു. സ്വർഗ്ഗരാജ്യം പ്രാപിക്കാൻ ഞാൻ എന്തു ചെയ്യേണം എന്ന് നിക്കോദെമൊസ് യേശു കർത്താവിനോടു ചോദിച്ചു. പുതുതായി ജനിക്കാതെ സ്വർഗ്ഗരാജ്യം കാണുവാൻ ആർക്കും കഴികയില്ല എന്നാണ് പറഞ്ഞത്. പണ്ഡിതനും സന്നിദ്രീം സംഘത്തിലെ ശ്രേഷ്ഠനുമായ നിക്കോദെമൊസ് അത്ഭുതപ്പെട്ടിരിക്കും. നിന്റെ പഠിപ്പോ ഭക്തിയോ പാരമ്പര്യമോ ഒന്നും തന്നെ മതിയാകില്ല. പുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. അല്ലാത്തവൻ ജീവനേ കാണുകയില്ല. ഈ ശാശ്വതമായ പരിവർത്തനം ക്രിസ്തുവിന്റെ അവകാശികളും കൂട്ടവകാശികളും ദൈവത്തിന്റെ അവകാശികളുമായിത്തീരുന്നതിനാണ്. സ്നേഹിതരേ, ഈ ഭാഗം വായിക്കുമ്പോൾ ഈ രൂപാന്തരം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന ആത്മപരിശോധന ചെയ്യുവാൻ ദൈവം നിങ്ങൾക്ക് കൃപ പകരുമാറാകട്ടെ. ത്രിയേക ദൈവത്തിന്റെ ധന്യമായ നാമം ഇന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ❑

**“കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു ”**

**(2 കൊരിന്ത്യർ 5:1)**

# പ്രാർത്ഥനയുടെ മറുപടി

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



വർഷത്തിന്റെ ആരംഭത്തിൽ നാം ചില പുതിയ പ്രാർത്ഥനാ വിഷയങ്ങളും, തീരുമാനങ്ങളും എഴുതിച്ചേർക്കാറുണ്ട്. അതുപോലെ കഴിഞ്ഞ വർഷത്തിൽ നമുക്ക് ലഭിച്ച പ്രാർത്ഥനയുടെ മറുപടികൾക്ക് നന്ദികരേറ്റുകയും, നിറവേറ്റാൻ കഴിയാത്ത തീരുമാനങ്ങളെ പുതുക്കുകയും ചെയ്യാറുണ്ട്. ഈ അവസരത്തിൽ ഞാൻ എന്റെ ലിസ്റ്റിലെ പ്രാർത്ഥനാ വിഷയങ്ങൾക്കു ലഭിച്ച മറുപടികൾ ഒന്ന് അവലോകനം ചെയ്യുകയുണ്ടായി. രണ്ടു ക്യാൻസർ രോഗികൾ, പ്രായാധിക്യത്തിലുള്ള ഒരു മാതാവ്, പിന്നെ എന്റെ ഭാര്യ അന്നമ്മ ഇവർ ആയിരുന്നു എന്റെ പ്രത്യേക പരിഗണനയ്ക്കു പാത്രീഭവിച്ച വ്യക്തികൾ. അവർക്കു വേണ്ടി പ്രാർത്ഥിച്ചിട്ട് ദൈവം കേട്ടോ, ഉത്തരമരുളിയോ എന്നൊക്കെ അറിയാൻ വായനക്കാർ ഇതിനകം ആകാംക്ഷാഭരിതർ ആയിരിക്കയാണെന്നു കരുതുന്നു. അത്ഭുതമെന്നു പറയട്ടെ, ക്യാൻസർ രോഗികൾ രണ്ടുപേരും പൂർവ്വാധികം ആരോഗ്യത്തോടെ പുതുവർഷത്തെ സ്വാഗതം ചെയ്തു. പ്രായാധിക്യത്തിലുള്ള മാതാവും പ്രായത്തിൽ കടന്ന ആരോഗ്യത്തോടെയും ആത്മീയ സന്തോഷത്തോടെയുംകൂടെ കഴിയുന്നുവെന്നു പറയുന്നതിൽ സന്തോഷമുണ്ട്. എന്നാൽ അവരെല്ലാവരെയുംകാൾ എനിക്കു ഏറ്റവും വിലപ്പെട്ട എന്റെ ഭാര്യയ്ക്കുവേണ്ടി ഞാൻ ഉള്ളുരുകി പ്രാർത്ഥിച്ചുവെങ്കിലും പ്രിയപ്പെട്ടവളെ 2018 സെപ്റ്റംബർ 25-ാം തീയതി ദൈവസന്നിധിയിൽ ചേർക്കുവാനാണ് നമ്മുടെ കർത്താവിനു പ്രസാദമായത്.

എന്റെ ഭാര്യയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചിട്ട് ദൈവം ആ പ്രാർത്ഥന കേട്ടില്ലേ എന്ന ചോദ്യമിവിടെ പ്രസക്തമല്ലേ? ഹിസ്കീയാ രാജാവിനു പതിനഞ്ചു വർഷം നീട്ടിക്കൊടുത്ത ദൈവത്തോടു വർഷക്കണക്കൊന്നും പറഞ്ഞില്ലെങ്കിലും, എന്റെ ഭാര്യയുടെ ആയുസ്സു നീട്ടിത്തരണമേ എന്നു ഞാൻ പ്രാർത്ഥിച്ചു, കണക്കുകൾ പരിശോധിക്കയാണെങ്കിൽ പതിനഞ്ചുവർഷത്തിനു പകരം അഞ്ചു മാസവും അഞ്ചുദിവസവും ആയുസ്സു നീട്ടിക്കിട്ടിയെന്നു പ്രസ്താവിക്കട്ടെ. 2011 മുതൽ പ്രിയ ദാസി കിടപ്പിലായിരുന്നുവെങ്കിലും, 2018 ഏപ്രിൽ 20-ാം തീയതിയാണ് ഏതാണ്ടു അബോധാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടത്. മക്കളെയും ഇതരകുടുംബാംഗങ്ങളെയും എത്രയുംവേഗം വിവരം അറിയിച്ചുകൊള്ളാനുള്ള 'അന്ത്യശാസന'മാണ് ആശുപത്രി അധികൃതർ നല്കിയത്. എന്നാൽ പത്താം ദിവസം സാമാന്യം ആരോഗ്യത്തോടെ രോഗിയെ ഡിസ്ചാർജ്ചെയ്ത് ഭവനത്തിൽ കൊണ്ടുവരുന്നതിനു ദൈവം സഹായിച്ചു. പിന്നീടുള്ള ദിവസങ്ങളും മാസങ്ങളും ആശങ്ക നിറഞ്ഞ നിരവധി നിമിഷങ്ങൾ സൃഷ്ടിച്ചുവെങ്കിലും മരിക്കുന്നതിന്റെ തലേന്നുവരെയും പ്രിയദാസി പൂർണ്ണബോധവതിയായിരുന്നു. 'കുടുംബപ്രാർത്ഥന'വേളകളിൽ താൻ രചിച്ച, തനിക്കു പ്രിയങ്കരങ്ങളായ ഗാനങ്ങൾ പാടുവാൻ നിർദ്ദേശിക്കയും മിക്കപ്പോഴും ഞങ്ങളോടൊപ്പം പാടുകയും ചെയ്തിരുന്നു. നിത്യതയിൽ പ്രവേശിച്ചതിന്റെ തലേദിവസം ആകെ ഉരുവിട്ടത്, 'യേശുവേ, യേശുവേ' എന്നു മാത്രമാണ്. പിറ്റേന്നു എന്റെ സഹപ്രവർത്തകനും എനിക്കും I.C.U. വിൽ ചെന്നു പ്രാർത്ഥിക്കുവാനും എനിക്കു അന്ത്യചുംബനം

നല്കി എന്റെ സഹധർമ്മിണിയെ യാത്രയാക്കുവാനും ദൈവം സഹായിച്ചുവെങ്കിൽ, ആ ദൈവം എന്റെ പ്രാർത്ഥനയ്ക്കു ഉത്തരമരുളിയില്ല എന്നു ഞാൻ എങ്ങനെയാണു പറയുക? എന്റെ ഭാര്യ നിത്യതയിൽ പ്രവേശിക്കുന്നതിനു തൊട്ടുമുമ്പുള്ള അനർഘനിമിഷങ്ങൾ ഞങ്ങൾക്കൊന്നിച്ചു ചെലവഴിക്കുവാൻ ദൈവം ഇടയാക്കിയത് വർഷങ്ങളിലേ എന്റെ പ്രാർത്ഥനയ്ക്കുള്ള മറുപടിയായിരുന്നു. ഏഴുവർഷങ്ങളോളം ശയ്യാവലംബിയായിരുന്ന എന്റെ ഭാര്യയ്ക്കു മുമ്പേ എന്നെ വിളിക്കരുതേ എന്ന നിരന്തരമായ പ്രാർത്ഥനയുടെ മറുപടി. എന്റെ ഭാര്യയ്ക്കു മുമ്പേ എന്നെ ദൈവം വിളിക്കാൻ മാനുഷികദൃഷ്ടിയിൽ തക്കകാരണമുണ്ടായിരുന്നു. അതിവേഗം വളർന്നുകൊണ്ടിരുന്ന ക്യാൻസർ രോഗത്തിന് ഞാൻ കീമോതെറാപ്പിക്കും റേഡിയേഷനും വിധേയനായപ്പോഴാണ് അത്തരമൊരു ചിന്തയ്ക്കു ഞാൻ അധീനനായത്. കൂടുതൽ നാൾ ജീവിച്ചിരിക്കാനുള്ള ആഗ്രഹമല്ലായിരുന്നു എന്റെ പ്രാർത്ഥനയുടെ അടിസ്ഥാനം. പ്രത്യുത എന്റെ അസാന്നിധ്യത്തിൽ എന്റെ പ്രിയപ്പെട്ടവൾക്കു അർഹിക്കുന്ന പരിചരണം ലഭിക്കയില്ലല്ലോ എന്നതുകൊണ്ടാണ് അല്പം സ്വാർത്ഥത നിറഞ്ഞ രീതിയിൽ ഞാൻ പ്രാർത്ഥിച്ചത്. ആ അപേക്ഷ അംഗീകരിച്ചുതന്ന കരുണാമയനോടു ഞാൻ അതീവകൃതജ്ഞനാണ്.

പ്രിയ വായനക്കാരാ, യേശുക്രിസ്തുവിനെ അനുഗമിക്കുന്ന ഒരു വ്യക്തിയാണോ താങ്കൾ? കർത്താവിന്റെ പരസ്യശുശ്രൂഷയിൽ അനേകർ യേശുക്രിസ്തുവിനെ അനുധാവനം ചെയ്തു, അവന്റെ അതിശയപ്രവൃത്തി കാരണമാണ് ചിലർ അവനെ പിൻചെന്നത് (യോഹ.2:26). ലൗകികമായ ഒരു ഭരണം കാഴ്ചവയ്ക്കുന്ന രാഷ്ട്രീയനേതാവായിട്ടാണ് മറ്റുചിലർ കണ്ടത് (ലൂക്കൊസ് 19:37,38). ഉത്തമഗുരുവായിട്ടാണു മറ്റു ചിലർ യേശുവിനെ കണ്ടത് (മത്തായി 7:28,29). മറ്റു ചിലരാകട്ടെ, തങ്ങളുടെ ബുദ്ധിക്കതീതമായ തത്ത്വസംഹിത പഠിപ്പിക്കുന്ന മതപണ്ഡിതനായിട്ട് യേശുവിനെ കരുതുകയും (യോഹ.6:66) പിൻവാങ്ങിപ്പോകയും ചെയ്തു. വേറെ ചിലരാകട്ടെ, "ഇവൻ തച്ചന്റെ മകനല്ലയോ?" (മത്തായി 13:55-58) എന്നു പറഞ്ഞു അവനെ അവഗണിച്ചു; തിരസ്കരിച്ചു. യേശുക്രിസ്തുവിനെക്കുറിച്ചു താങ്കളുടെ കാഴ്ചപ്പാട് എന്താണ്? അവൻ നിങ്ങളുടെ രക്ഷിതാവോ?

ഇന്നും നമ്മുടെ എല്ലാ പ്രാർത്ഥനയ്ക്കും ഉടൻ മറുപടി ലഭിക്കണമെന്നില്ല. ചില പ്രാർത്ഥനകൾക്ക് ഉടൻ മറുപടി ലഭിച്ചെങ്കിൽ മറ്റു പല അപേക്ഷകളുടെയും മറുപടി " ഇല്ല" എന്നാവാം, വേറെ ചില പ്രാർത്ഥനകൾക്കു ക്ഷമയോടെ കാത്തിരിക്കുക എന്നായിരിക്കും ഉത്തരം കിട്ടുക. ചുരുക്കത്തിൽ നാം പ്രതീക്ഷിക്കുന്നതുപോലെ കാര്യങ്ങൾ നടക്കണമെന്നില്ല. എന്നാൽ യേശുക്രിസ്തുവിനെക്കുറിച്ച് ഒരു വസ്തുത സുനിശ്ചിതമാണ്. "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ.1:12). അവൻ നിത്യജീവന്റെ ദാതാവാണ്. അവൻ നമ്മെ, മറ്റാരിലും ഉപരിയായി പരമിതികളില്ലാതെ സ്നേഹിക്കുന്നു. നമ്മുടെ പാപങ്ങളെ നമ്മോടു ക്ഷമിക്കുന്നു. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട് "എന്നു വാഗ്ദത്തം ചെയ്തവൻ വാഗ്ദത്തത്തിൽ വിശ്വസ്തൻ. നമ്മുടെ എല്ലാമെല്ലാം ആയവർ നമ്മെ വിട്ടുപിരിയുമ്പോൾ അവിടുത്തെ ദിവ്യസമാധാനം അവിടുന്നു നമുക്കു നല്കുന്നു. പ്രത്യാശകൊണ്ട് നമ്മുടെ തപ്ത ഹൃദയങ്ങളെ ആശ്വസിപ്പിക്കുന്നു. "യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നേ ദൈവം നിദ്രകൊണ്ടവരെയും യേശുമുഖാന്തരം അവനോടുകൂടെ വരുത്തും". ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും (1 തെസ്സ. 4:14-17). പ്രത്യാശാനിർഭരമായ ഒരു ജീവിതം നയിക്കുവാൻ ഈ ചിന്തകൾ നമ്മെ സഹായിക്കട്ടെ.

❑

# വലിയമ്മയ്ക്കും അമ്മയ്ക്കും ഉണ്ടായിരുന്ന വിശ്വാസം

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

എന്റെ പ്രതിദിനധ്യാനത്തിന്റെ ഭാഗമായി 2 തിമൊഥെയൊസ് ഒന്നാം അദ്ധ്യായം വായിച്ചപ്പോൾ അഞ്ചാം വാക്യം എന്റെ സവിശേഷശ്രദ്ധയ്ക്കു ലക്ഷീഭവിക്കയുണ്ടായി. ആ വാകൃത്തിൽ തിമൊഥെയൊസിന്റെ വലിയമ്മ ലോവീസിന്റെയും അമ്മ യൂനിക്കയുടെയും വിശ്വാസത്തിന്റെ പ്രത്യേകത ചൂണ്ടിക്കാണിച്ചിട്ട് അവരുടെ അതേ വിശ്വാസം തിമൊഥെയൊസിനും ഉണ്ടെന്നു തനിക്കു ഉറപ്പുണ്ടെന്നാണു പൗലൊസ് ഇവിടെ പറഞ്ഞിരിക്കുന്നത്. അവരുടെ വിശ്വാസത്തിനു ഒരു പ്രത്യേകത ഉണ്ടായിരുന്നു. അതു നിർവ്യാജവിശ്വാസമായിരുന്നു. നമ്മിൽ അനേകർക്കും അന്യമായ തരത്തിലുള്ള വിശ്വാസം. അങ്ങനെയെങ്കിൽ വ്യാജഡോക്ടറന്മാരുടെയും വ്യാജസിദ്ധന്മാരുടെയും മറ്റും പോലെ വ്യാജവിശ്വാസവും ഉണ്ട്. നാം നിർവ്യാജവിശ്വാസത്തിന്റെ ഉടമകളല്ലെങ്കിൽ പിന്നെ വ്യാജവിശ്വാസികൾ ആയിരിക്കണമല്ലോ.

ബർന്നബാസും പൗലൊസും നിർവഹിച്ച പ്രഥമപ്രേഷിതയാത്രയിൽ (അപ്പൊ. പ്രവൃത്തി 13:13-14:21) അവരുടെ ശുശ്രൂഷയിലൂടെ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിച്ചവരായിരിക്കണം ആ മാതാവും മകളും എന്നു അനുമാനിക്കുന്നതിൽ അപാകതയില്ല. അവരിരുവരുടെയും കപടമില്ലാത്ത വിശ്വാസത്തെപ്പറ്റി അത്ര ആധികാരികമായി പ്രസ്താവിക്കണമെങ്കിൽ അവരുടെ ആ വിശ്വാസം നേരിട്ടറിയാവുന്ന ഒരാൾ ആയിരിക്കണം അപ്പൊസ്തലനായ പൗലൊസ്.

ഈ വേദഭാഗം ധ്യാനിച്ചപ്പോൾ ഞാൻ എന്റെ പ്രിയ വല്യമ്മച്ചിയെയും അമ്മച്ചിയെയും ഓർത്തുപോയി. ഞാൻ ജനിക്കുന്നതിനു മുമ്പേതന്നെ അവരിരുവരും നിർമ്മല മനസ്സാക്ഷിയും നിർവ്യാജവിശ്വാസവും ഉള്ളവർ ആയിരുന്നു. എന്റെ പ്രിയ പിതാവും അപ്രകാരമുള്ള ഒരു വ്യക്തിയായിരുന്നു. നിർവ്യാജവിശ്വാസത്തിന്റെ ഉടമകളായ മാതാപിതാക്കളുടെ മകനായി ജനിക്കുവാൻ ദൈവം എന്നെ സഹായിച്ചതോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അവരുടെ മാതൃകാപരമായ ജീവിതത്തിലൂടെ നിർവ്യാജ വിശ്വാസം എന്താണെന്നു നേരിട്ടറിയാനും അതു അനുകരിപ്പാനും ഞങ്ങൾ ആറു മക്കൾക്കും ഇടയായി എന്നതും ദൈവനാമമഹത്വത്തിനായി ഇവിടെ പ്രസ്താവിക്കട്ടെ. അത്തരമൊരു ഭവനാന്തരീക്ഷത്തിന്റെ അതിശക്തമായ സ്വാധീനം എന്റെ പില്ക്കാല ജീവിതത്തെ മാറ്റിമറിച്ചുവെന്നു നിസ്സംശയം പറയാൻ കഴിയും. അതുകൊണ്ടാവണം പില്ക്കാലത്തു മാന്യമായ വിദേശസർക്കാർ ഉദ്യോഗം രാജിവച്ച് കഴിഞ്ഞ 45ൽപരം വർഷങ്ങൾ നിർവ്യാജവിശ്വാസത്തിന്റെ സാക്ഷിയായി ജീവിപ്പാനും പ്രവർത്തിക്കാനും ദൈവം സഹായിച്ചതും. എന്റെ മക്കൾക്കും കൊച്ചുമക്കൾക്കും എന്നോടൊപ്പം ചേർന്നു നിന്നുകൊണ്ട് എന്റെ സുതാര്യമായ വിശ്വാസം അവരുടെ വലിയമ്മയിലും അമ്മയിലും ഉണ്ട് എന്നു ഉറപ്പിച്ചു പറയുവാൻ സാധിക്കുമെന്നുള്ളതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ഒന്നോർക്കുക. നമ്മുടെ മക്കളും കൊച്ചുമക്കളും ഒക്കെ നമ്മുടെ ചലനങ്ങൾ വീക്ഷിക്കുന്നു; ശ്രദ്ധിക്കുന്നു. അവരുടെ ഭാവി നമ്മെ ആശ്രയിച്ചാണിരിക്കുന്നത് എന്ന അവബോധം നമുക്ക് എല്ലായ്പ്പോഴും ഉണ്ടായിരിക്കേണ്ട താണ്. മൂന്നാം തലമുറക്കാരനായ തിമൊഥെ യൊസിന്റെ വിശ്വാസത്തെയാണ് പൗലൊസ് ഈ ലേഖനത്തിൽ പരാമർശിക്കുന്നത്. അവന്റെ വലിയമ്മയുടെയും അമ്മയുടെയും സുതാര്യവും നിർമ്മലവും അനുകരണാ ർഹവുമായ വിശ്വാസജീവിതശൈലി തലമുറ കളെ സ്വാധീനിക്കുവാൻ ഉപയുക്തമായി.

തിമൊഥെയൊസിന്റെ(തിമോത്തി) വലിയമ്മച്ചിയാണ് ആദ്യമായി വിശ്വാസത്തിൽ വന്നത്. അവർ യവനഭാഷ സംസാരിക്കുന്ന യഹൂദസ്ത്രീ (Hellenist) ആയിരുന്നു. ആ മാതാവ് അവരുടെ മകൾക്കു അനുകരിക്കുവാൻ യോഗ്യമായ ജീവിതം നയിച്ചുവെന്നു നിസ്സംശയം പറയാൻ കഴിയും. ഇന്നു പല കുടുംബാംഗങ്ങളും വിശ്വാസത്തിൽ വന്നിട്ട് അതേ കുടുംബത്തിലുള്ളവർ അവരുടെ വിശ്വാസജീവിതത്തിലെ പന്തികേടുകൾ കണ്ടിട്ട് അവരുടെ വിശ്വാസ സരണിയിലേക്കു വരാൻ വിമുഖത പ്രദർശിപ്പിക്കുന്നുണ്ട്. കാരണം അവർക്കുമുമ്പേ വിശ്വാസത്തിൽ വന്നവരെ മാതൃകയാക്കാൻ കൊള്ളാത്ത തരത്തിലുള്ള ജീവിതമാണവർ കാഴ്ച വയ്ക്കുന്നത്. രക്ഷിക്കപ്പെട്ടവർ മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കു ആകർഷിക്കുവാൻ ബാധ്യസ്ഥരായിരിക്കെ തടങ്കൽ പാറയാ കുന്നുവെങ്കിൽ എത്രവലിയ ശിക്ഷാവിധിക്കു നാം യോഗ്യരാണെന്നു ഓർക്കുക. അമ്മയായ ലോവിസിന്റെ അനുകരണാർഹമായ, അഭിനയ മല്ലാത്ത, സുതാര്യമായ വിശ്വാസത്തെ മകൾ യൂനിക്ക അനുകരിച്ചു. വലിയമ്മയുടെയും അമ്മയുടെയും നിർവ്യാജവിശ്വാസത്തെ തിമോത്തിയും പിടിച്ചുപറ്റി. അനുകരണാർഹ മായതു എന്തും പെട്ടെന്നു പടർന്നു പന്തലി ക്കുമെന്നു കേട്ടിട്ടുണ്ട്. യൂനിക്കയുടെയും തിമോത്തിയുടെയും കാര്യത്തിൽ അതെ ത്രയോ ശരിയാണ്. നമ്മുടെ ജീവിത ശൈലി ശ്രദ്ധിക്കപ്പെടുന്നു എന്നു ഓർക്കുക. നിന്റെ സ്വഭാവം അറിയാൻ നിന്റെ കൂട്ടുകാർ ആരാണെന്നു അറിഞ്ഞാൽ മതി എന്നു നാം പറയാറില്ലേ? അതെത്രയോ ശരിയാണ്. മറ്റുള്ളവർ അനുകരിക്കാൻ പാകത്തിലുള്ള ഒരു ജീവിതമാണോ താങ്കളുടേതെന്ന് ചിന്തിക്കുക. വിശിഷ്യ, മാതാപിതാക്കൾ എത്ര സുതാര്യമായ ജീവിതമാണു നയിക്കുന്നതെന്ന് ഒരു ആത്മപരിശോധനചെയ്യുന്നത് കുഞ്ഞു ങ്ങളുടെ സ്വഭാവരൂപീകരണത്തിനു വളരെ പ്രയോജനകരമായിരിക്കും. മക്കൾക്കു നാം നല്കുന്ന ഉപദേശവും നമ്മുടെ പ്രവൃത്തിയും തമ്മിൽ പൊരുത്തക്കേടുണ്ടെങ്കിൽ ദൂരവ്യാപ കമായ ദോഷഫലങ്ങൾ പ്രതീക്ഷിക്കാ വുന്നതാണ്.

യഹൂദന്മാർ നൂറ്റാണ്ടുകളായി കാത്തി രുന്ന മശീഹയായി യേശുക്രിസ്തുവിനെ അംഗീകരിച്ച വ്യക്തിയായിരുന്നു തിമോത്തി യുടെ വലിയമ്മ യഹൂദസ്ത്രീയായ ലോവിസ്. അപ്രകാരം അവരുടെ മകളും കർത്താവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിച്ച വളാണ് (അപ്പൊ. പ്രവൃത്തി 16:1). ആ നിലയിൽ, ക്രിസ്തീയ വിശ്വാസസത്യങ്ങളുടെ ബാലപാഠ ങ്ങൾ സ്വഭവനത്തിൽ നിന്നും പഠിക്കുവാൻ തിമോത്തിക്കു അവസരം ലഭിച്ചു. നമ്മുടെ ഭവനങ്ങളിൽനിന്നും ക്രൈസ്തവവിശ്വാസ ത്തിന്റെ ബാലപാഠങ്ങൾ പഠിക്കുവാൻ നമ്മുടെ മക്കൾക്കും കൊച്ചുമക്കൾക്കും കഴിയുന്നുണ്ടോ എന്നു ചിന്തിക്കുക. തിമോത്തിയുടെ പിതാവു ഒരു യവനൻ ആയിരുന്നു. അദ്ദേഹം ക്രിസ്തീയവിശ്വാസം സ്വീകരിച്ചിരുന്നുവോ എന്നു രേഖപ്പെടുത്തിയിട്ടില്ല. ഒരു പക്ഷേ, പൗലൊസ് തിമോത്തിയെ പരിചയപ്പെടു ന്നതിനു മുമ്പായി അദ്ദേഹം മരിച്ചതാവാനും സാധ്യതയുണ്ട്. തിമോത്തിയുടെ വലിയമ്മ യിലും അമ്മയിലും കണ്ട കപടരഹിതമായ വിശ്വാസജിവിതത്തെക്കുറിച്ചു പ്രതിപാദിക്കുന്ന

ഈ ലേഖനത്തിൽ ആ വിഷയത്തിനു ഏതായാലും പ്രസക്തിയില്ല.

ഓരോ കുടുംബത്തിലെയും എല്ലാ വരും ദൈവഭാഗത്തു വരണം, അഥവാ, രക്ഷാ നിർണ്ണയം പ്രാപിച്ചവർ ആകണം എന്നാണു ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്. കുടുംബത്തിൽ ചിലർ രക്ഷിക്കപ്പെട്ടവർ, ചിലർ രക്ഷിക്കപ്പെടാത്തവർ എന്നല്ല കുടുംബങ്ങളെ ക്കുറിച്ചുള്ള ദൈവിക പദ്ധതി. ഒരു പാരമ്പര്യവിശ്വാസത്തെക്കുറിച്ചല്ല നാമിവിടെ വിശകലനം ചെയ്യുന്നത്, പ്രത്യുത, മുഴുവൻ കുടുംബാംഗങ്ങളും നിർവ്യാജവിശ്വാസത്തിൽ എന്ന തത്ത്വമാണിവിടെ പ്രസക്തം. പഴയനിയമകഥാപാത്രമായ യോശുവ അക്കാര്യം സുവിദിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. "ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവ 24:15). വർഷങ്ങൾക്കുമുമ്പ് അനേക ക്രൈസ്തവഭവന ങ്ങളുടെ ചുവരുകളിൽ പ്രത്യക്ഷപ്പെട്ടിരുന്ന ഒരു വേദവാക്യമാണിത്. പുട്ടിയൊക്കെയിട്ടു മിനുക്കിയ നമ്മുടെ അത്യാധുനിക, ആഡംബര ഭവനങ്ങളുടെ ചുവരുകളിൽ ആണിയടിച്ചു ബോർഡുതൂക്കിയാൽ അതൊരു അഭംഗിയാ ണെന്ന തിരിച്ചറിവു നമ്മെ അത്തരം പഴഞ്ചൻ സമ്പ്രദായങ്ങളിൽനിന്നും പിന്തിരിപ്പിച്ചിട്ടുണ്ട്. പിന്നെ, അതിനു മറ്റൊരു കാരണം കൂടിയുണ്ടാവാം. അതായത്, യഹോവയെ സേവിക്കാത്തവർ കുടുംബസമേതം സേവി ക്കുന്നു എന്നു ബോർഡെഴുതി പ്രസ്താവി ക്കുന്നത് സത്യത്തിനു നിരക്കാത്തതാണെ ന്നുള്ള തിരിച്ചറിവും ആകാം. നമ്മുടെ പിതാക്കന്മാർ യഹോവയെ സേവിച്ച സ്ഥാനത്തു മക്കളുടെ കാലം വന്നപ്പോൾ വിശ്വാസികൾ എന്നു അഭിമാനിക്കുന്നവരിൽ ചിലർ പോലും 'സേവിക്കുന്നത്' മറ്റു ചിലതാണല്ലോ?

പ്രിയ സഹോദരിമാരേ, നിങ്ങളുടെ കുടുംബത്തിന്റെ സ്ഥിതിയെന്താണ്? മക്കൾക്ക് അനുകരണാർഹമായ ജീവിതമോ അതോ, ഒരു പൊത്തുവരുത്തത്തിൽ പോകുന്നുവോ? തലമുറകളെ ബാധിക്കുന്ന ഒരു വിഷയമാണു നാമിവിടെ കൈകാര്യം ചെയ്യുന്നതെന്നോർ ക്കുക. വളരെ ഗൗരവത്തോടെ വീക്ഷിക്കേണ്ട ഒന്നാണിത്. ക്രിസ്തീയകുടുംബത്തിൽ ജനിച്ചതുകൊണ്ടോ, പള്ളിയിലെ രജിസ്റ്ററിൽ പേരുള്ളതുകൊണ്ടോ, നല്ലൊരു ക്രിസ്തീയ പേരുള്ളതുകൊണ്ടോ അല്ല ഒരുവൻ നിർവ്യാജവിശ്വാസത്തിന്റെ ഉടമയാകുന്നത്. അതു വീണ്ടുംജനനത്തിലൂടെമാത്രം. പാപ ത്തെക്കുറിച്ചും നീതിയെക്കുറിച്ചും വരുവാനുള്ള ദൈവിക ന്യായവിധിയെക്കുറിച്ചും ബോധ വതിയോ? അനുതപിച്ചു യേശുക്രിസ്തുവി നോടു പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി ഉള്ളത്തിൽ സ്വീകരിച്ചി ട്ടുണ്ടോ? ആദിമ ക്രൈസ്തവർ "ക്രിസ്ത്യാനി കൾ" എന്നു സ്വയം പരിചയപ്പെടുത്തിയതല്ല. അവർ പരിശുദ്ധാത്മാവിനാലും ക്രിസ്തുവി ലുള്ള വിശ്വാസത്താലും നിറഞ്ഞവരും വ്യത്യ സ്തരായ വ്യക്തികൾ ആയിരുന്നതിനാലും അവരുടെ ജീവിതം കണ്ടവർ, അവർ ക്രിസ്തു വിനെ അനുധാവനം ചെയ്യുന്നവർ, അഥവാ, ക്രിസ്തുവുള്ളവർ എന്ന അർത്ഥത്തിൽ അവരെ ക്രിസ്ത്യാനികൾ എന്നു വിളിക്കയാ ണുണ്ടായത് (അപ്പൊ. 11: 26). നമ്മെ കാണു ന്നവർ നമ്മുടെ ജീവിതം കണ്ടിട്ട് നമ്മെ ക്രിസ്ത്യാനികൾ എന്നു വിളിക്കുമോ? വല്യമ്മച്ചിമാരേ, അമ്മച്ചിമാരേ, പാരമ്പര്യത്തി ലൂന്നി മര്യാദക്രിസ്ത്യാനികളായി ജീവിക്ക യാണോ, അതോ, മക്കൾക്കും ചെറുമക്കൾക്കും അയൽവാസികൾക്കുമൊക്കെ അനുകരിപ്പാൻ പാകത്തിലുള്ള സുതാര്യമായ നിർവ്യാജ വിശ്വാസത്തിന്റെ ഉടമകളോ? തിമോത്തിയുടെ വലിയമ്മയും അമ്മയുമൊക്ക അത്തര ത്തിലുള്ള നിർവ്യാജവിശ്വാസത്തിന്റെ ഉടമകളാ യിരുന്നു. താങ്കളോ? ഒരു ആത്മ പരിശോധന യ്ക്കു സമയം കണ്ടെത്തുമോ? ദൈവം നിങ്ങളെ സഹായിക്കട്ടെ. ❑

# മുറിവേറ്റ് വേദനിക്കുന്ന മകൾ



ഡോ. ഉമ്മൻ ഫിലിപ്പ്, തിരുവനന്തപുരം

**മാ**നസികമായും ശാരീരികമായും ആത്മീയമായും മുറിപ്പെട്ട് വേദനയിലും കണ്ണുനീരിലും ദിനരാത്രങ്ങൾ തള്ളിനീക്കുന്ന കോടാനുകോടി വനിതകളും പെൺകുട്ടികളും ഈ ഭൂമുഖത്തുണ്ട്.

ആരാണിവർ? നമ്മുടെ ചുറ്റും കാണുന്ന മാതാക്കളുടെ ഓമനപുത്രിമാർ; നമ്മുടെ സഹോദരികൾ; നമ്മുടെ മാതാക്കൾ; നമ്മുടെ സഹോദരങ്ങളുടെ ജീവിത പങ്കാളികൾ; നമ്മെ വളർത്തിയെടുക്കാനായി ത്യാഗം സഹിച്ചവർ; നമ്മുടെ വേദനകളിൽ നമ്മെ ആശ്വസിപ്പിച്ചവർ. ഇവരിൽ അനേകരും ഇന്ന് ഉറ്റവരാലും മിത്രങ്ങളാലും വിസ്മരിക്കപ്പെട്ടും വെറുക്കപ്പെട്ടും, പീഡനത്തിലും അടിച്ചമർത്തലിലും പരിഹാസത്തിലും ജീവിക്കുന്നു. അല്പം ആശ്വാസത്തിനുവേണ്ടി ദാഹിച്ചുകൊണ്ട് നമുക്കു ചുറ്റും ജീവിതം തള്ളിനീക്കുന്നവരാണിവർ. ഇക്കൂട്ടത്തിൽ മക്കൾക്കുവേണ്ടി ദാഹിക്കുന്ന ഹന്നാമാരും റാഹേലുമാരുമുണ്ട്. ഭവനത്തിൽനിന്നും പുറത്താക്കപ്പെട്ട ഹാഗാർമാരുണ്ട്. കല്ലേറ് ഭയപ്പെട്ട് അഭിനവ നീതിമാന്മാരുടെ മദ്ധ്യത്തിൽ നില്ക്കുന്ന മറിയമാരുണ്ട്. തന്റെ ഓമനപൈതലിനെ വെട്ടിമുറിക്കുമോ എന്ന ഭയാശങ്കയോടെ ശലോമോന്റെ മുമ്പിൽ നില്ക്കുന്ന മാതാക്കളുണ്ട്. പന്ത്രണ്ടു വർഷമായി രോഗം ബാധിച്ചു കഴിയുന്ന സ്ത്രീകളുണ്ട്. മകന്റെ ക്രൂശിന്റെ സമീപത്ത് നിസ്സഹായയായി നോക്കിനില്ക്കുന്ന മറിയമാരുണ്ട്. അങ്ങനെ വേദനിക്കുകയും മുറിപ്പെടുകയും ചെയ്യുന്ന അനേകമനേകം മക്കൾ! ഇവരുടെ മാനസികവും ശാരീരികവും സാമൂഹ്യവും ആത്മീയവുമായ വേദനകളെയും മുറിവുകളെയും കാണുവാൻ ആരുണ്ട്? ഉണങ്ങാത്ത ഈ മുറിവുകളിൽ അല്പം സുഗന്ധതൈലം പുരട്ടി രോഗശമനം വരുത്തുവാൻ ആർക്കാണ് ഭാരമുള്ളത്? ഇവരുടെ വേദനയും മുറിവുകളും കണ്ടിട്ട് കരയുന്ന ദൈവത്തെയും, പ്രവാചകനായ യിരെമ്യാവെയും നമുക്ക് ഒരു വെല്ലുവിളിയായി ബൈബിൾ നമ്മുടെ മുമ്പിൽ വരച്ചുകാണിക്കുന്നു (യിരെ. 8:20,21).

മുറിവേറ്റു പിടയുന്നവരും വേദന കടിച്ചമർത്തി ഉറക്കമില്ലാത്ത ദിനരാത്രങ്ങൾ തള്ളി നീക്കുന്നവരുമായ ഈ മക്കളെ നമുക്ക് എവിടെയൊക്കെ കാണാം? ആരാണിവർ? ഇവർ നമ്മുടെ സ്വന്തക്കാരാണ്, നമ്മുടെ മാതാക്കൾ-അവരാണ് നമ്മെ നൊന്ത് പ്രസവിച്ച് വളർത്തിയെടുത്തത്! നമ്മുടെ സഹോദരികൾ-അവർ നമ്മുടെ കളിക്കൂട്ടുകാർ ആയിരുന്നുവല്ലോ! പിന്നെ, ഭാര്യമാർ, അദ്ധ്യാപികമാർ, ആതുരസേവനം ചെയ്യുന്നവർ, സമൂഹത്തിന്റെ എല്ലാ തുറകളിലും സേവനം ചെയ്യുന്നവർ. ഇവർ നമ്മുടെ ചുറ്റും സദാപി കാണപ്പെടുന്നു. ഇവരുടെ വേദന നാം അറിയുന്നുണ്ടോ? ഇവരുടെ മാനസികവും ശാരീരികവും ആത്മികവുമായ മുറിവുകൾ നാം കാണുന്നുണ്ടോ? ഇവരുടെ മുറിവുകളുടെ കാരണങ്ങൾ നാം അന്വേഷിച്ചറിയുന്നുണ്ടോ? ഇവരുടെ രോഗശമനത്തിനായി നാം പ്രാർത്ഥിക്കുന്നുണ്ടോ? വേദനിക്കുന്ന ഈ മക്കൾക്ക് ആശ്വാസത്തിനായി സാന്ത്വനത്തിന്റെ ഒരു നോട്ടമോ, സ്പർശനമോ, കുളിർമ്മയുള്ള ഒരു വാക്കോ നമ്മുടെ നാവിൽ നിന്ന് ഉതിരുന്നുണ്ടോ?

എന്തുകൊണ്ട് ഈ മകൾ മുറിവേറ്റിരിക്കുന്നു? മറ്റുള്ളവർ ഈ മകളിൽ ഉണ്ടാക്കിവച്ച ആഘാതം മൂലം ഇവൾ മുറിവേറ്റിരിക്കാം. അവൾ ചുമന്നുകൊണ്ട് നടന്ന്, വളർത്തിയെടുത്ത്, ജീവനെക്കാൾ കൂടുതൽ സ്നേഹിച്ച അവളുടെ മക്കളുടെ നിന്ദയും പരിഹാസവും സ്നേഹക്കുറവും കരുതലില്ലായ്മയും അനുസരണക്കേടും വഴിതെറ്റലും അവളിൽ വേദനയും മുറിവുമുണ്ടാക്കും. അവളുടെ ബലഹീനതകളെ മനസ്സിലാക്കാതെ അവളോട് കരുണയില്ലാതെയും ധാർഷ്ട്യത്തോടും ഇടപെടുന്ന പിതാവിന്റെയോ, ഭർത്താവിന്റെയോ, ആങ്ങളമാരുടെയോ പെരുമാറ്റവും കൂരമ്പുകളായ വാക്കുകളും അവളുടെ ഹൃദയത്തെ തകർക്കും. പൊതുനിരത്തിലോ വാഹനങ്ങളിലോ വിദ്യാലയങ്ങളിലോ ജോലിസ്ഥലത്തോ അവൾക്കു നേരിടേണ്ടിവരുന്ന മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങൾ അവളെ കഠിനമായി നിരാശപ്പെടുത്തുകയും ആഴമായ മാനസിക വ്യഥയിലേക്കും വൈകാരിക സംഘർഷങ്ങളിലേക്കും നയിക്കുകയും ചെയ്യുന്നു. പലരും ചെറുതും വലുതുമായ മാനസികവിഭ്രാന്തികളിൽ നിപതിച്ച് ജീവിതം തള്ളിനീക്കുന്നു.

ഈ ജനത്തിൻപുത്രി (യിരെ.8:21) വിവിധ പ്രായത്തിൽ നമുക്കു മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. ബാല്യം, കൗമാരം, യൗവനം, മദ്ധ്യവയസ്സ്, വാർദ്ധക്യം ഇങ്ങനെ ഏതുപ്രായത്തിലും ഈ മകൾ മുറിവേല്ക്കപ്പെടുന്നു. മുറിവുകളുടെ വൈവിദ്ധ്യം, ആഴം, കാരണങ്ങൾ, കാരണക്കാർ എന്നിവയെല്ലാം വ്യക്തമായി മനസ്സിലാക്കാൻ ആരുണ്ട്? ഈ മകളെ സാന്ത്വനപ്പെടുത്താനും അവളുടെ ആന്തരിക മുറിവുകളിൽ ആശ്വാസപ്രദനായ പരിശുദ്ധാത്മാവായ എണ്ണ പൂരട്ടി ശമിപ്പിക്കാനും ആരെങ്കിലുമുണ്ടോ?

അവൾക്കു ചുറ്റും വിമർശകർ ധാരാളം! വിമർശകർ മൂലം അവളുടെ മുറിവുകളുടെ ആഴം വർദ്ധിക്കുകയും അസഹനീയമായ നിലയിൽ എത്തുകയും ചെയ്യുമ്പോൾ ഈ മകളെ മനസ്സിലാക്കി വേദനകൾക്ക് പരിഹാരമുണ്ടാക്കാൻ ആരുണ്ട്? അവൾക്കെതിരെ കഥകൾ മെനഞ്ഞ് തകർത്തുകളയാൻ ശ്രമിക്കുന്ന ശത്രുവിന്റെ കരാളഹസ്തങ്ങളിൽനിന്ന് ഈ പ്രിയമകളെ ആർ വിടുവിക്കും?

ചിലപ്പോൾ എങ്കിലും ഈ മകളിൽ മുറിവുകൾ ഉണ്ടാക്കുന്നത് അവൾ തന്നെ ആയി എന്നും വരാം. ലോകം, ജഡം, പിശാച് എന്ന ആത്മീയ ശത്രുക്കളുടെ കൈയിൽ വീണിട്ട് സ്വയം മുറിവേല്ക്കുന്ന ചില പുത്രിമാരുണ്ട്. ദൈവവചനത്തിലെ കല്പനകൾ അവഗണിച്ച് തെറ്റായ വഴികളിലൂടെ സഞ്ചരിക്കുമ്പോഴും അവൾക്ക് മുറിവേല്ക്കും. പക്ഷേ, വലിയ ഇടയനെപ്പോലെ, കാണാതെ പോയ ഈ ആടിനെയും പേർചൊല്ലി വിളിച്ച് കണ്ടെത്തേണ്ടിയിരിക്കുന്നു. ഗിലെയാദിലെ വലിയ വൈദ്യന്റെ സമീപത്തേക്ക് ഈ മകളെ ആനയിക്കേണ്ടിയിരിക്കുന്നു. അവിടെനിന്നും ലഭിക്കുന്ന സുഗന്ധതൈലം ഇവളുടെമേൽ പൂശി സൗഖ്യം വരുത്താൻ സഹായിക്കേണ്ടിയിരിക്കുന്നു.

മുറിവേറ്റ ഈ മകളുടെ ദുരവസ്ഥ കാണാനും സഹതപിക്കാനും പരിചരിക്കാനും ആശ്വാസത്തിന്റെ കുളിർമ്മ ഓതിക്കൊടുക്കാനും മുറിവിന്റെ വേദന സ്വായത്തമാക്കി അനുഭവേദ്യമാക്കാനും (Empathize) ദുഃഖിച്ച്, സ്തംഭിച്ച്, നടക്കാനും ആവശ്യമായ മനോഭാവവും കർമ്മനിരതയും നമ്മിലുണ്ടാക്കുവാൻ വലിയ ഇടയൻ നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. ഈ മനോഭാവം ദൈവവചനത്താലും ദൈവാത്മാവിനാലും നമുക്കു ലഭിക്കും. അതിനുള്ള ഉത്കടമായ അഭിവാഞ്ഛയോടും സമർപ്പണത്തോടുംകൂടി മുറിവേറ്റ ജനത്തിൻ പുത്രിയെ ക്രിസ്തുവിന്റെ കരങ്ങളുപയോഗിച്ച് സ്പർശിക്കുവാൻ ഇറങ്ങട്ടെ, സഹോദരിമാർ ആയിരമായിരമായി! മുറിവേറ്റ മക്കൾക്കു വേണ്ടിയുള്ള ഇങ്ങനെയുള്ള ശുശ്രൂഷയാണ് ആത്മീയ സാരോപദേശം അഥവാ കൗൺസെലിംഗ്. (അടുത്ത ലക്കത്തിൽ തുടരുന്നു.)

❑

# QUEST 64

(ഈ ലക്കം QUEST 64– ലെ ചോദ്യങ്ങൾ സഭാപ്രസംഗി എന്ന പുസ്തകത്തിൽ നിന്നാണ്)

1. ഗർവ്വമാനസനെക്കാൾ ശ്രേഷ്ഠൻ ആര്?
2. കഷ്ടപ്പാടിന്റെ ആധിക്യംകൊണ്ട് എന്തുണ്ടാകുന്നു?
3. ജ്ഞാനിക്ക് തലയിൽ എന്തുണ്ട്?
4. മടിവ്കൊണ്ട് ................ വീണുപോകുന്നു.
5. ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക അതാകുന്നു .................
6. സഭാപ്രസംഗി എഴുതിയത് ഏത് ദേശത്തെ രാജാവാണ്?
7. സുഗന്ധതൈലത്തെക്കാൾ ഉത്തമമായത് എന്ത്?
8. ജ്ഞാനബാഹുല്യത്തിൽ എന്തുണ്ട്?
9. ചത്ത സിംഹത്തേക്കാൾ ജീവനുള്ള ഏതുമൃഗമാണ് നല്ലത്?
10. ജ്ഞാനികളുടെ വചനങ്ങൾ മുടിക്കോൽപോലെയും, സഭാധിപന്മാരുടെ വാക്കുകൾ.............. പോലെയും ആകുന്നു.
11. നിന്റെ യൗവനകാലത്തു നീ എന്തുചെയ്യണം?
12. ............. വേഗത്തിൽ അറ്റുപോകയില്ല.
13. സകലനദികളും എങ്ങോട്ടു ഒഴുകിവീഴുന്നു?
14. ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്കകൊണ്ടു മനുഷ്യൻ എന്തുചെയ്യാൻ ധൈര്യപ്പെടുന്നു?
15. പരിജ്ഞാനമില്ലായ്കയാൽ മൂഢന്മാർ എന്തുചെയ്യുന്നു?
16. എങ്ങനെയുള്ള രാജാവാണ് ദേശത്തിന് ഉപകാരി?
17. ഏത് കല്പനയാണ് ബലമുള്ളത്?
18. മേഘം വെള്ളംകൊണ്ട് നിറഞ്ഞാൽ എന്തു സംഭവിക്കും?
19. ജ്ഞാനം ബലത്തേക്കാൾ നല്ലതുതന്നെ. എങ്കിലും സാധുവിന്റെ ജ്ഞാനത്തിന് എന്തു സംഭവിക്കുന്നു?
20. ...............തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 64–** ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം **2019 ഏപ്രിൽ 20**–നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം: ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്**
**ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

## QUEST- 63 ശരി ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | സിംഹഗർജ്ജനംപോലെ | സദൃശ. 20:2 |
| 2. | പരിജ്ഞാനം | സദൃശ. 15:14 |
| 3. | ദുഷ്കർമ്മി | സദൃശ. 24:8 |
| 4. | അസൂയ | സദൃശ. 14:30 |
| 5. | മരണത്തിനായി | സദൃശ. 11:19 |
| 6. | ജ്ഞാനം | സദൃശ. 8:11 |
| 7. | ജ്ഞാനമായവൾ | സദൃശ. 1:20 |
| 8. | രാജാവിന്റെ ഹൃദയം | സദൃശ. 21:1 |
| 9. | ജ്ഞാനത്താൽ | സദൃശ. 3:19 |
| 10. | അധരമാധുര്യം | സദൃശ. 16:21 |
| 11. | വടി ഉപയോഗിക്കാത്തവൻ | സദൃശ. 13:24 |
| 12. | സന്തുഷ്ടഹൃദയം | സദൃശ. 17:22 |
| 13. | നീതിമാന്റെ | സദൃശ. 12:7 |
| 14. | പരിജ്ഞാനം | സദൃശ. 2:10 |
| 15. | പരിഹാസികൾ | സദൃശ. 29:8 |
| 16. | ജീവന്റെ ഉറവ് | സദൃശ. 10:11 |
| 17. | ഉരുപ്പടി | സദൃശ. 25:4 |
| 18. | ജാരശങ്ക | സദൃശ. 6:34 |
| 19. | തോട്ടരികത്തെ കാക്ക | സദൃശ. 30:17 |
| 20. | തേൻ | സദൃശ. 5:3 |




*Welcome to*

# Vacation Bible School

## from May 6 to 10, 2019

**at the**

**FIRST BAPTIST CHURCH OF TRIVANDRUM**

**(Founded in 1980)**

**PRA- J- Lane, Parottukonam, Nalanchira,**
**Trivandrum - 695015**

**Services:**

**Sunday - 9 am**
**Thursday - 6.30 pm**

**VBS 8.30 am to 12 noon**
**(May 6 -10, 2019)**

**Dr. Charles John**
**Mr. N. Jayaraj**
**Mob. Nos. : 9446548079, 9447610066**

Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011